I.ഇ.ബി. XIIകേരള നിയമസഭ/XI-7

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഡിഗ്രി കോഴ്സുകളിൽ 'ചോയ്സ് ബേസ്ഡ് സെമസ്റ്റർ സിസ്റ്റം' നടപ്പാക്കൽ

പ്രൊഫ. എൻ. ജയരാജ് : സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഈ അദ്ധ്യയന വർഷം മുതൽ ഡിഗ്രി കോഴ്സുകളിൽ 'ചോയ്സ് ബേസ്ഡ് സെമസ്റ്റർ സിസ്റ്റം' നടപ്പാക്കുന്നതുമൂലം അക്കാഡമിക് രംഗത്ത് ഒട്ടേറെ ആശങ്കകൾ നിലനിൽക്കുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെയാണ് ഈ സമ്പ്രദായം നടപ്പിലാക്കുന്നത്. വർഷാവസാന പരീക്ഷകളിൽ കുട്ടികളുടെ ഓർമ്മശക്തി പരീക്ഷിക്കപ്പെടുകയും സമയബന്ധിതമായി പഠനവും പ്രയോഗവും വിലയിരുത്തപ്പെടുകയും ചെയ്യും എന്ന നല്ല വശം ഈ സിസ്റ്റത്തിനു

ണ്ടെങ്കിലും ബിരുദതലത്തിൽ എങ്ങനെ പഠിപ്പിക്കണം എന്ന കാര്യത്തിൽ അദ്ധ്യാപകർ ഇരുട്ടിൽ തപ്പുകയാണ്. ഈ സമ്പ്രദായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി കോഴ്സുകൾ മുമ്പോട്ടുവച്ചിട്ടുണ്ടെങ്കിലും പഠിപ്പിക്കാനാ വശ്യമായ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും പല കോളേജുകളിലുമില്ല. പഠിപ്പിക്കുന്ന വിഷയത്തെക്കുറിച്ച് അദ്ധ്യാപകരുടെ യിടയിൽ ധാരണാക്കുറവ് ഉണ്ടെന്നുമാത്രമല്ല ക്വാളിഫൈഡായിട്ടുള്ള അദ്ധ്യാ പകരും കുറവാണ്. പല വിഷയങ്ങൾക്കും ഗസ്റ്റ് അദ്ധ്യാപകരുടെ സേവനമാണ് ഉപയോഗിക്കുന്നത്. ഗസ്റ്റ് അദ്ധ്യാപകർക്കും സ്ഥിരം അദ്ധ്യാപ കർക്കും ആവശ്യമായ പരിശീലനം നൽകാത്തതുകൊണ്ട് നിരവധി പോരാ യ്മകൾ ഈ രംഗത്ത് നിലനിൽക്കുകയാണ്. ഈ സിസ്റ്റം നടപ്പിലാ ക്കുന്നതോടെ നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കാര്യമായ മാറ്റം വരുത്തേണ്ടിവരും. ക്ലസ്റ്റർ സമ്പ്രദായം അടിസ്ഥാന സൗകര്യ ങ്ങളുടെ പരിഹാരമെന്ന നിലയിൽ മുമ്പോട്ടുവയ്ക്കുന്നുണ്ടെങ്കിലും ഗ്രാമ പ്രദേശങ്ങളിലെ കോളേജുകളിൽ ഇത് എങ്ങനെ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ ഏറെ വൈഷമ്യങ്ങൾ നേരിടുകയാണ്. ഇന്റേണൽ അസ്സസ്മെന്റുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി സംഘടനകളുടെ ആശങ്കകൾ അറിയിച്ചിട്ടുണ്ട്. പരീക്ഷ സമ്പ്രദായത്തിൽ യൂണിവേഴ്സിറ്റികളെ എക്യൂപ്പ് ചെയ്യാതെ ഇത് നടപ്പിലാക്കിയാൽ നിലവിലുള്ള സമ്പ്രദായത്തിലെ രണ്ടും മൂന്നും വർഷ വിദ്യാർത്ഥികളുടെ പരീക്ഷയും ഈ സിസ്റ്റത്തിന്റെ 6 മാസം കൂടുമ്പോഴുള്ള പരീക്ഷയും ഉൾപ്പെടെയുള്ള ഒരു വലിയ ഉത്തരവാദിത്തം യൂണിവേഴ്സിറ്റികൾക്കും അദ്ധ്യാപകർക്കും വന്നുചേരും. യാതൊരുവിധ മുന്നൊരുക്കവുമില്ലാതെ നടപ്പാക്കുന്ന പുതിയ പാഠ്യപദ്ധതി ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ സങ്കീർണ്ണമാക്കും. ഈ സമ്പ്രദായം

നടപ്പാക്കുന്നതിനുമുമ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർമാർക്കും അദ്ധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകണം. ഇക്കാര്യങ്ങളിലെല്ലാം അടിയന്തിര നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സ്കൂൾ തലത്തിൽ പുതിയ പാഠ്യ പദ്ധതി നടപ്പിലാക്കിയതിന്റെ തുടർച്ചയായാണ് ഡിഗ്രി തലത്തിലും പരിഷ്ക്കാരങ്ങൾ ആരംഭിക്കാൻ 2007 മാർച്ചിൽ സ്ഥാപിതമായ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടപടികൾ ആരംഭിച്ചത്. 2008 ജനുവരിയിൽ യു.ജി.സി. ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിഷ്ക്കരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർവ്വകലാശാലകൾക്ക് അയച്ചുകൊടുക്കുകയും സർവ്വകലാശാലാതലത്തിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റവും ഗ്രേഡിംഗും അടങ്ങുന്ന സമഗ്രമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. ഡിഗ്രി തലത്തിലുള്ള വിദ്യാഭ്യാസ ഘടനയിലും ഉള്ളടക്കത്തിലും ബോധനരീതിയിലും മൂല്യനിർണ്ണയ രീതിയിലും സമഗ്രമായ മാറ്റങ്ങളാണ് ഇതിലൂടെ ഉണ്ടാകാൻ പോകുന്നത്. പുതിയ സമ്പ്രദായത്തെ സംബന്ധിച്ച് കഴിഞ്ഞ രണ്ടു വർഷമായി 150-ലേറെ ശില്പശാലകൾ വ്യത്യസ്ത സർവ്വകലാശാലകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തുകയുണ്ടായി. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും ഈ പുതിയ പാഠ്യ പദ്ധതി നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിയമ നിർമ്മാണം സംബന്ധിച്ച്

ശുപാർശ ചെയ്യാൻ അന്തർ സംസ്ഥാന സർവ്വകലാശാല സമിതി തയ്യാറാക്കിയ മാതൃക റെഗുലേഷൻ അതാത് യൂണിവേഴ്സിറ്റികൾ അവർക്ക് വേണ്ടുന്ന ഭേദഗതികൾ വരുത്തിയാണ് അംഗീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ആറ് സെമസ്റ്ററുകളുടെ സിലബസ് തയ്യാറാക്കുകയും ആദ്യ സെമസ്റ്ററുകളിൽ പഠിപ്പിക്കേണ്ട പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സെമസ്റ്റർ സമ്പ്രദായത്തിൽ പരീക്ഷകളുടെ എണ്ണം ഇരട്ടിയായി വർദ്ധിക്കുന്നതുമൂലം മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും വൈകിപ്പോകുമെന്നതരത്തിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പരീക്ഷ നടത്തിപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ബാർ കോഡിംഗ് നടപ്പിലാക്കുകവഴി മൂല്യ നിർണ്ണയത്തിന്റെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യും. വികേന്ദ്രീകൃതമായി ക്യാമ്പുകൾ സംഘടിപ്പിച്ച് മൂല്യനിർണ്ണയം സമയബന്ധിതമായി നടപ്പാക്കുമെന്ന് മാത്രമല്ല ഇതിലേയ്ക്കായി കൂടുതൽ അധ്യാപകരുടെ സേവനം ഉറപ്പാക്കുകയും ചെയ്യും. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ടി യൂണിവേഴ്സിറ്റി തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. നിശ്ചിത യോഗ്യതയുള്ള അധ്യാപകരുടെ പ്രത്യേക പൂൾ യൂണിവേഴ്സിറ്റി തലത്തിൽ രൂപീകരിക്കും. ഇതിനുപുറമേ ഓരോ യൂണിവേഴ്സിറ്റിയും നടത്തുന്ന വിദൂര പഠന പരിപാടി ഒരു ഭാരമാണെന്നുള്ളത് കണ്ടുകൊണ്ട് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചർച്ച ചെയ്തുകൊണ്ട് വിദൂര പഠന പരിപാടി ഒരു ഓപ്പൺ യൂണിവേഴ്സിറ്റി രൂപീകരിച്ച് അതിന്റെ കീഴിൽ കൊണ്ടുവരും. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നിലവിൽ

വരുന്നതോടുകൂടി സപ്ലിമെന്ററി പരീക്ഷകൾക്ക് പൂർണ്ണ വിരാമം ഉണ്ടാകുകയാണ്. പുതിയ പാഠ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി കോളേജ്-യൂണിവേഴ്സിറ്റി-സംസ്ഥാന തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കോളേജ് കൗൺസിലുകൾ കോളേജ് തലത്തിലും പ്രോ-വൈസ്ചാൻസിലർമാർ സർവ്വകലാശാല തലത്തിലും ഉത്തരവാദിത്വമേറ്റെടുക്കും. പുതിയ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലാണ് ഇനിമുതൽ മൂല്യനിർണ്ണയം നടത്തുക. പഴയ സമ്പ്രദായത്തിൽ പരീക്ഷ ജയിച്ചവർക്ക് പുതിയ സമ്പ്രദായത്തിലുള്ളവരുമായി മാർക്ക് താരതമ്യം ചെയ്യേണ്ട കാര്യമില്ല. ജോലിക്കുള്ള ഇന്റർവ്യൂവിന് പോകുമ്പോൾ എന്ത് തരത്തിലുള്ള പരിഗണന കൊടുക്കാമെന്നുള്ള കാര്യം പിന്നീട് ആലോചിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ശുപാർശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആയിരിക്കുമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് എത്ര അദ്ധ്യാപകർ അധികമായി വേണ്ടിവരുമെന്നുള്ളത് കണക്കാക്കി ധനകാര്യ വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ അയയ്ക്കുക പോലും ചെയ്തിട്ടില്ല. വേണ്ടത്ര ക്രമീകരണങ്ങളില്ലാതെ ഈ സമ്പ്രദായം നടപ്പിലാക്കിയാൽ അതീവ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>) : ഗസ്റ്റ് അദ്ധ്യാപകർക്ക് പകരം സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30

ആകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഒരു പങ്ക് കേന്ദ്ര സർക്കാരും ഒരു പങ്ക് സംസ്ഥാന സർക്കാരും വഹിച്ചുകൊണ്ട് ഈ സമ്പ്രദായം നടപ്പാക്കണമെന്നാണ് ഗവൺമെന്റ് പക്ഷം.

## (2) NRF ഭൂമിക്ക് പട്ടയം

ശ്രീ. രാജാജി മാത്യു തോമസ്: 1-1-1977-ന് മുമ്പ് കുടിയേറിയ കർഷകർ കൈവശം വച്ചിരിക്കുന്ന കൃഷി ഭൂമിക്ക് പട്ടയം നൽകുവാൻ സത്വര നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച് സമീപകാലത്തുണ്ടായ സുപ്രീം കോടതി വിധി കർഷകർക്ക് അനുകൂലമാണെങ്കിലും പട്ടയം നൽകുന്ന കാര്യത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. പുതിയ വിധിയുടെ അടിസ്ഥാനത്തിൽ പഴയ പട്ടയങ്ങൾ പുതുക്കി നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. പട്ടയം നൽകാൻ വേണ്ടി റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ ഉൾപ്പെടാത്ത നിരവധി കർഷകരുണ്ട്. അതുകൊണ്ട് സംയുക്ത പുന:പരിശോധന വീണ്ടും നടത്തി അർഹരായ മുഴുവൻപേർക്കും പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. കൈവശരേഖ ലഭിച്ചിട്ടുള്ള കർഷകരുടെ ഭൂമിയിൽ നിന്നും പട്ടയത്തിനുവേണ്ടി അപേക്ഷ കൊടുത്തശേഷം വനം വകുപ്പു മരം മുറിച്ചുമാറ്റിയിട്ടുണ്ടെങ്കിലും വ്യക്തിഗത ഭൂമിയിൽ നിന്നും മരം മുറിച്ച കണക്ക് വനം വകുപ്പിന്റെ കയ്യിലില്ല. ഇത് കർഷകർക്ക് പട്ടയം ലഭിക്കാൻ തടസ്സമായി നിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യം വനം വകുപ്പുമായി ആലോചിച്ച് പരിഹാരം കാണണം. വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ സ്ഥലങ്ങളിൽ കുടിയേറ്റ കർഷകർ അവരുടെ പിന്തുടർച്ചക്കാർക്ക് ഭൂമി കൈമാറുകയും അവർ ആ ഭൂമി വീണ്ടും പുനർ കൈമാറ്റം നടത്തുകയും

ചെയ്തിട്ടുണ്ട്. പുനർ കൈമാറ്റം നടത്തപ്പെട്ട ഭൂമിയുടെ അവകാശികൾക്ക് പട്ടയം നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം. എൻ.ആർ.എഫ്. ഭൂമിയിൽ കുടിയേറ്റ കർഷകർക്ക് പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് വനം-റവന്യൂ വകുപ്പുകൾ സംയുക്തമായി ചേർന്ന് റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കണം. കേരള ഗവൺമെന്റ് നടപ്പാക്കുന്നതും കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പാക്കുന്നതുമായ നിരവധി ഭവന പദ്ധതികൾ ഉണ്ടെങ്കിലും കൈവശ രേഖയില്ലാത്തതിന്റെ പേരിൽ കുടിയേറ്റ കർഷകർക്ക് വീട് ലഭ്യമാകാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് കുടിയേറ്റ കർഷകർക്ക് കൈവശരേഖ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ കെ.പി.രാജേന്ദ്രൻ): സംസ്ഥാന മലയോര മേഖലയിൽ 1-1-1977 ന് മുമ്പ് കുടിയേറിയ മുഴുവൻ കർഷകർക്കും കൈവശ ഭൂമിക്ക് പട്ടയം നൽകുന്നത് 1993-ലെ 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റ ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം കൈവശ വനഭൂമി പതിച്ച് നൽകാൻ വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തി 28,588.15 ഹെക്ടർ ഭൂമി ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലായി കുടിയേറ്റ കർഷകർക്ക് നൽകാൻ കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെങ്കിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു സംഘടന ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ പരാതി നൽകി. ഇക്കാര്യത്തിൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായെങ്കിലും വീണ്ടും അതേ സംഘടന

സുപ്രീംകോടതിയെ സമീപിക്കുകയും പ്രസ്തുത ഹർജിയിൽ 20-3-09-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി ഉത്തരവായിട്ടുമുണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനയുമായി ബന്ധപ്പെട്ട്കൊണ്ട് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി മലയോര കർഷ കരുടെ പട്ടയ വിതരണം, സംയുക്ത പരിശോധന എന്നിവ കാര്യക്ഷമമാ ക്കാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിക്കുകയും പ്രത്യേകം തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ അവർക്ക് പട്ടയം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരികയുമാണ്. അനുവാദം ലഭിച്ച 28588 ഹെക്ടർ ഭൂമിക്ക് പുറമേ പതിനായിരം ഹെക്ടർ ഭൂമിക്കുകൂടി പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി തേടണമെന്ന സുപ്രീം കോടതി നിർദ്ദേശമനുസരിച്ച് ഗവൺമെന്റ് ശ്രമം ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പിൽനിന്ന് കേന്ദ്ര സർക്കാർ അനുമതിയോടെ റവന്യൂ വകുപ്പിലേയ്ക്ക് ഡിവെസ്റ്റ് ചെയ്ത് കിട്ടുന്ന ഭൂമി യാണ് എൻ.ആർ.എഫ്. ഭൂമിയെന്ന് കണക്കാക്കി കാർഷിക ആവശ്യങ്ങൾക്ക് അർഹരായവർക്ക് പതിച്ചു നൽകേണ്ടത്. 1970-ലെ കൃഷിയുക്ത വനഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് എൻ.ആർ.എഫ്. ഭൂമിക്ക് പട്ടയം നൽകുന്നത്. കൊല്ലം, തൃശ്ശൂർ ജില്ലകളിൽ മാത്രമാണ് വിതരണയോഗ്യമായ എൻ.ആർ.എഫ്. ഭൂമിയുള്ളത്. സംസ്ഥാനത്തെ മലയോര മേഖലയിൽ 6079 കർഷകർക്കായി 4198 ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 18-4-2000-ലും തൃശ്ശൂർ ജില്ലയിൽ 1988-ലുമാണ് അവസാനമായി എൻ.ആർ.എഫ്. ഭുമിക്ക് പട്ടയം കൊടുത്തിട്ടുള്ളത്. ലഭ്യമായ കണക്കുകൾ പ്രകാരം കർഷകർ കൈവശം വച്ചിട്ടുള്ള ഭൂമിയുടെ

വിസ്തീർണ്ണം 486 ഹെക്ടറാണ്. അർഹരായ എല്ലാപേർക്കും പട്ടയം നൽകുന്നതിന് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം പരിശോധിച്ച് നടപടി സ്വീകരിക്കും. 2009 നവംബർ 1-ാം തീയതി പരമാവധി പേർക്ക് പട്ടയം വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

**സബ്മിഷൻ**

(1) തുറവൂരിൽ പോലീസിനെ ആക്രമിച്ച സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ് : ആലപ്പുഴ ജില്ലയിൽ തുറവൂർ എ.കെ.ജി. ജങ്ഷനിൽ പോലീസ് വാഹന പരിശോധനയ്ക്കിടെ മദ്യപിച്ച് ബൈക്കിൽ യാത്ര ചെയ്ത സുജിത്തിനെയും സോണീസിനെയും തടഞ്ഞുനിറുത്തിയതിനെത്തുടർന്ന് ബൈക്കിന്റെ പിൻവശത്തിരുന്ന സോണീസ് എന്ന സി.പി.എം. പ്രവർത്തകൻ എസ്.ഐ.യെ തല്ലുകയുണ്ടായി. അയാളെ പോലീസുകാർ ബലം പ്രയോഗിച്ച് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. പിന്നീട് സി.പി.എം. പ്രാദേശിക നേതാവിന്റെ നേതൃത്വത്തിൽ കുറേപ്പേർ പ്രതികളെ മോചിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും എസ്.ഐ. അതിന് വഴങ്ങാത്തതിനെത്തുടർന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഇടപെടുകയും പ്രതികളെ ഇറക്കുകയും ചെയ്തു. ഈ പ്രശ്നത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 28-6-2009-ന് വൈകിട്ട് 6.30-ന് ആലപ്പുഴ കുത്തിയതോട് എ.കെ.ജി. ജങ്ഷനിൽ എസ്.ഐ.യും പാർട്ടിയും വാഹന പരിശോധന നടത്തിയ സന്ദർഭത്തിൽ സുജിത്ത് എന്നയാൾ ഓടിച്ചിരുന്ന മോട്ടോർ സൈക്കിൾ തടഞ്ഞുനിറുത്തി പരിശോധിക്കുകയും പരിശോധനയിൽ മോട്ടോർ സൈക്കിൾ ഓടിച്ചിരുന്ന സുജിത്ത് മദ്യപിച്ചിരുന്നതായി

കണ്ടതിനാൽ അയാളെ കസ്റ്റഡിയിലെടുക്കുകയുമുണ്ടായി. എന്നാൽ സുജിത്തിനെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകാൻ പറ്റില്ലെന്നു പറഞ്ഞ് ബൈക്കിന്റെ പിന്നിലിരുന്ന സോണീസ് എസ്.ഐ.യെ അസഭ്യം പറഞ്ഞു. തുടർന്ന് സോണീസിനെ പോലീസ് സ്ക്വാഡ് ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തി സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയി. അയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. രാത്രി 9 മണിക്ക് സി.ഐ. പോലീസ് സ്റ്റേഷനിൽവന്ന സമയം സ്ഥലത്തെ ചില രാഷ്ട്രീയ പാർട്ടി പ്രവർത്തകർ അവിടെ എത്തി പ്രതിയെ പോലീസ് സ്റ്റേഷനിൽ നിന്നും ഇറക്കാൻ ശ്രമിച്ചെങ്കിലും ജാമ്യം കിട്ടാത്ത വകുപ്പനുസരിച്ച് കേസ് ചാർജ്ജ് ചെയ്തിരുന്നതിനാൽ അത് നടന്നില്ല. സ്റ്റേഷനിലെത്തിയ സോണീസിന്റെ അച്ഛനും ബന്ധുക്കളും പ്രതിക്ക് അപസ്മാര രോഗമുണ്ടെന്ന് അറിയിച്ചതിനെത്തുടർന്ന് രാത്രി 9.30-ന് സർക്കിൾ ഇൻസ്പെക്ടർ ചേർത്തല ഗവണ്മെന്റ് ആശുപത്രിയിൽ കൊണ്ടു പോയി പരിശോധന നടത്തിയശേഷം തിരിച്ചുകൊണ്ടുവരികയും അസുഖമുള്ളയാളിനെ ലോക്കപ്പിലിടാൻ പറ്റാത്തതുകൊണ്ട് പിറ്റേദിവസം ഹാജരാക്കണമെന്ന് പറഞ്ഞ് അച്ഛന്റെ കൂടെ സോണീസിനെ വിട്ടയയ്ക്കുകയും ചെയ്തു. അതനുസരിച്ച് ഇന്നലെ രാവിലെ എട്ട് മണിക്ക് ഹാജരാക്കിയ സോണീസിനെ സർക്കിൾ ഇൻസ്പെക്ടർ അറസ്റ്റ് ചെയ്ത് ചേർത്തല ജെ.എഫ്.എം.സി.-യിൽ ഹാജരാക്കി. കോടതിയാണ് പ്രതിക്ക് ജാമ്യം കൊടുത്തത്. ഇക്കാര്യത്തിൽ പോലീസ് നിയമാനുസൃതമായിട്ടാണ് പ്രവർത്തിച്ചിട്ടുള്ളത്. അവിടെ പോലീസ് സ്റ്റേഷൻ ആക്രമണം നടന്നിട്ടില്ല. പ്രതികളെ ആരും മോചിപ്പിച്ചിട്ടുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഒരു എസ്.ഐ.-യെ ഡ്യൂട്ടി നിർവ്വഹിച്ചുകൊണ്ടിരുന്ന സമയത്ത് റോഡിലിട്ട് തല്ലിയ പ്രതിയോട്

ഇത്തരമൊരു സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ, കേരളത്തിലെ പോലീസുകാർക്കുപോലും രക്ഷയില്ല എന്നുള്ളത് സത്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കി എന്നാണ് കേസ്സ്. ഈ പ്രശ്നത്തിൽ ഗവണ്മെന്റിന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ കേസ് ഐ..ജി.-യെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) പാലാ ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കെ.എം. മാണി: ദിനംപ്രതി ആയിരത്തോളം രോഗികൾ വരുന്നതും 200 കിടക്കകളുള്ളതുമായ പാലാ ഗവണ്മെന്റ് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ ഒഴിവുള്ള നാലു ഡോക്ടർമാരുടെ തസ്തിക നികത്താനുള്ള നടപടി സ്വീകരിക്കണം. കൂടാതെ 16-9-2004-ലെ ജി.ഒ. പ്രകാരം പ്രസ്തുത ആശുപത്രിയെ ജനറൽ ഹോസ്പിറ്റലായി ഉയർത്തിയപ്പോൾ അനുവദിച്ച ബെഡ് സ്ട്രെംഗ്തിന് ആനുപാതികമായി കൂടുതൽ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പാലാ ജനറൽ ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത്തിനാനുപാതികമായി തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഷ്വാലിറ്റിയിൽ നാല് ഡോക്ടർമാരുടെ തസ്തികയാണുള്ളത്. അവിടെ ഒരു ജനറൽ കേഡറും ബാക്കി സ്പെഷ്യാലിറ്റി കേഡറും ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നാല് ഗൈനക്കോളജിസ്റ്റുകൾ, ഒരു ഫിസിഷ്യൻ, ഒരു ഓർത്തോ ഡോക്ടർ, സ്പെഷ്യാലിറ്റി

ഡോക്ടർമാർ എന്നിവർ അവിടെ വർക്ക് ചെയ്യുന്നുണ്ട്. അവിടെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിലും രോഗികളുടെ എണ്ണം കുറയുന്നതിന്റെ കാരണമെന്താണെന്നുള്ളത് പരിശോധിക്കാം. കാഷ്വാലിറ്റിയിൽ ഡോക്ടർമാർ ഇല്ലാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

(3) അഭയകേന്ദ്രത്തിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കൽ

ശ്രീ. എ.എ. അസീസ്: 2007 ജൂൺ മാസത്തിലുണ്ടായ കടൽക്ഷോഭത്തിൽ ഭവനം നഷ്ടപ്പെട്ടവർ താമസിക്കുന്ന അഭയകേന്ദ്രത്തിൽ വിച്ഛേദിക്കപ്പെട്ടിരിക്കുന്ന വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007 ജൂൺ മാസത്തിലുണ്ടായ കടൽക്ഷോഭത്തിൽ വാസസ്ഥലം നഷ്ടപ്പെട്ട തീരദേശ കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന നൽകാൻ കഴിയുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകി ക്യാമ്പ് പിരിച്ചുവിട്ടശേഷവും ചില കുടുംബങ്ങൾ ക്യാമ്പുകളിൽത്തന്നെ തുടർന്നും താമസിച്ചു വന്നിരുന്നതിനാൽ അവർ ഉപയോഗിച്ച കറന്റിനുള്ള ചാർജ്ജ് അനുവദിച്ച് നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. സുനാമി ബാധിത പ്രദേശമാണെന്ന പരിഗണന വച്ചുകൊണ്ട് ഈ കാര്യത്തിൽ പ്രത്യേകമായി എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം.

(4) പുതിയ കാവിൽചിറ ടൂറിസ്റ്റ് സെന്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ നിയോജകമണ്ഡലത്തിലെ പൂട്ടിയിട്ടിരിക്കുന്ന പുതിയകാവിൽചിറ ടൂറിസ്റ്റ് സെന്ററിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തി മാതൃകാപരമായ ഒരു പിക്നിക്ക് സ്പോട്ടായി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടൂരിൽ പ്രവർത്തിച്ചിരുന്ന വഴിയോര വിശ്രമ കേന്ദ്രം കെ.ടി.ഡി.സി.ക്ക് കൈമാറുകയും നിരന്തരമായ നഷ്ടത്തെത്തുടർന്ന് പ്രവർത്തനം നിർത്തി വയ്ക്കുകയും കെട്ടിടം ടൂറിസം വകുപ്പിന് കൈമാറുകയും ചെയ്തു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് പത്തനംതിട്ട ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറാൻ ടൂറിസം വകുപ്പ് തീരുമാനിച്ചിരിക്കുകയുമാണ്. അറ്റകുറ്റപ്പണികൾക്കുശേഷം ഈ സ്ഥാപനം ഡി.ടി.പി.സി. മുഖേന തുറന്ന് പ്രവർത്തിപ്പിക്കാനും അവിടത്തെ പശ്ചാത്തല സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ ആകർഷകമാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) അങ്ങാടിപ്പുറത്ത് റെയിൽവേ മേൽപ്പാലം

ശ്രീ. വി. ശശികുമാർ: കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ അങ്ങാടിപ്പുറത്ത് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം വിജയകുമാർ): റെയിൽവേ അംഗീകരിച്ച 65 മേൽപ്പാലങ്ങളിൽ കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ സ്ഥിതിചെയ്യുന്ന അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം ഉൾപ്പെടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എം.പി. മാരുടെയും റെയിൽവേ ഉദ്യോഗസ്ഥരുടേയും യോഗത്തിൽ ഈ ആവശ്യം ചർച്ച ചെയ്യുകയും കേന്ദ്ര റെയിൽവേ മന്ത്രിയെ നേരിൽ കണ്ട് ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തണമെന്ന്

ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആവശ്യം കേന്ദ്രഗവൺമെന്റ് പരിഗണിക്കുകയാണെങ്കിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തുക നടപ്പു വർഷം തന്നെ സംസ്ഥാന സർക്കാർ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിച്ചാലുടനെ അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം ആരഭിക്കുന്നതാണ്

(6) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസും അഡ്മിഷനും

ശ്രീ. കെ.സി. ജോസഫ്: സ്വാശ്രയ മെഡിക്കൽ കോളേജിലെ അഡ്മിഷനെയും ഫീസിനെയും സംബന്ധിച്ച് മാനേജ്മെന്റുമായി ഗവൺമെന്റ് ഉണ്ടാക്കിയ ധാരണയുടെ വിശദാംശങ്ങൾ വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരളത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെന്റുകളുമായി കഴിഞ്ഞ മൂന്നുവർഷമായി സർക്കാർ കരാറിൽ ഏർപ്പെടുന്നതനുസരിച്ച് 2006-07 അക്കാദമിക് വർഷം എം.ബി.ബി.എസ്സിന് പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികൾ 50 ശതമാനം സീറ്റിൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്കിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. 2007-ലും അതുപോലെ കരാറിൽ ഏർപ്പെട്ടുവെങ്കിലും കോടതി ഇടപെട്ടതുകൊണ്ട് കരാറിലെ എല്ലാ വ്യവസ്ഥകളും പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞില്ല. 2008-ൽ നടത്തിയ ചർച്ചയെത്തുടർന്ന് 50 ശതമാനം മെറിറ്റ് സീറ്റിൽ 45,000 രൂപ വാർഷിക ഫീസ് നൽകിയാണ് വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റുകളുമായി ഉണ്ടാക്കിയ കരാറനുസരിച് 50 ശതമാനം സീറ്റിൽ 30750 രൂപ നൽകിയാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്ക്

വിദ്യാർത്ഥി പ്രവേശനത്തിലും ഫീസ് നിശ്ചയിക്കുന്നതിലും സ്വന്തം രീതി രൂപീകരിച്ച് നടപ്പാക്കുകയോ സർക്കാരുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യാമെന്ന് സുപ്രീംകോടതി വിധിയിൽ പറയുന്നുണ്ട്. സുപ്രീം കോടതിയുടെ ഈ തത്വം പാലിച്ചുകൊണ്ടാണ് സ്വാശ്രയ മാനേജ്മെന്റുകളുമായി കേരള സർക്കാർ ചർച്ചകൾ നടത്തുന്നതും കരാറിൽ ഏർപ്പെട്ടുവരുന്നതും. ജസ്റ്റീസ് പി.എ. മുഹമ്മദ് അദ്ധ്യക്ഷനായുള്ള ഫീ റെഗുലേറ്ററി കമ്മിറ്റി സ്വാശ്രയ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ച് ആവശ്യമായ ഭേദഗതി സർക്കാരിനെ അറിയിക്കുന്നുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായാണ് ഫീസ് നിശ്ചയിക്കുന്നത്.

(7) തിരൂർ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി: തിരൂർ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 164 കിടക്കകളുള്ള തിരൂർ താലൂക്ക് ആശുപത്രിയിൽ കമ്പൽസറി റൂറൽ സർവ്വീസിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ചെയ്തിട്ടുള്ള മൂന്ന് ഡോക്ടർമാരുൾപ്പെടെ 15 ഡോക്ടർമാരാണുള്ളത്. ടേം ഡ്യൂട്ടിയനുസരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി വേണം. സ്പെഷ്യാലിറ്റി കേഡറിൽ ഏഴ് ഡോക്ടർമാരെ അവിടെ അധികം കൊടുത്തിട്ടുണ്ട്. കാഷ്വാലിറ്റി യൂണിറ്റ് കൂടി അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ഐ. എച്ച്. ആർ.ഡി.ക്ക് ഡീംഡ് യൂണിവേഴ്സിറ്റി പദവി

ശ്രീ. ആർ. സെൽവരാജ്: 1987 ജനുവരി 28-ന് സ്ഥാപിതമായതും ദ്രുതഗതിയിൽ വളർച്ച പ്രാപിച്ചുവരുന്നതുമായ ഐ.എച്ച്.ആർ.ഡി.യെ ഒരു ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഐ. എച്ച്. ആർ.ഡി. യുടെ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ സർവ്വകലാശാലകൾ, ഡയറക്ടറേറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ടാണ് കോഴ്സുകളും പരീക്ഷകളും നടത്തുന്നത്. ഇവയെല്ലാംകൂടി ഏകീകൃതമായ സംവിധാനത്തിലാക്കുന്നതിനും കോഴ്സുകളും പരീക്ഷകളും വൈവിധ്യവൽക്കരിക്കുന്നതിനും സാധിക്കുന്നവിധം ഐ. എച്ച്. ആർ. ഡി.-ക്ക് സർവ്വകലാശാല പദവിയോ സമാന അംഗീകാരമോ നൽകണമെന്ന ആശയം ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

(9) ഭൂമി അക്വയർ ചെയ്യാൻ നടപടി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സമഗ്രമായ ഒരു മാസ്റ്റർ പ്ളാനിന് വിധേയമായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ജനപ്രതിനിധികളുടെയും അഭിപ്രായം പരിഗണിച്ചുകൊണ്ട് ഗുരുവായൂർ ദേവസ്വം വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2006-ൽ സുപ്രീംകോടതി വിധി പ്രകാരം ഗുരുവായൂർ ദേവസ്വത്തിന്റെ വികസനത്തിന് ക്ഷേത്രത്തിന് ചുറ്റുമുള്ള 25 മീറ്റർ സ്ഥലം

ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇപ്പോൾ 100 മീറ്റർ ചുറ്റളവിൽ കൂടി ഭൂമി ഏറ്റെടുക്കണമെന്നുള്ള റിപ്പോർട്ടുകളും സംവാദങ്ങളും നടക്കുന്നുണ്ടെങ്കിലും ഗുരുവായൂർ ദേവസ്വം അതിനെക്കുറിച്ച് സർക്കാരുമായി യാതൊരു ആലോചനയും നടത്തിയിട്ടില്ല. സർക്കാരുമായി ചർച്ച ചെയ്യാതെ ഭൂമി ഏറ്റെടുക്കാൻ പാടില്ലെന്ന് രേഖാമൂലം ദേവസ്വം ബോർഡ് ചെയർമാന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാർ ഇതുസംബന്ധിച്ച് ഒരു ചർച്ച സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(10) ഐ.ഇ.ഡി.സി. റിസോഴ്സ് അദ്ധ്യാപകർക്ക് പുനർനിയമനം

ശ്രീ. വി. എസ്. സുനിൽ കുമാർ: ശാരീരികവും മാനസികവുമായി വൈകല്യം നേരിടുന്ന മുപ്പതിനായിരത്തോളം കുട്ടികളെ ഐ.ഇ.ഡി.സി. സ്കീമിന്റെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ എട്ടു വരെ പഠിപ്പിച്ചുകൊണ്ടിരുന്നത്. 2008 നവമ്പറിൽ കേന്ദ്ര സർക്കാർ ഈ സ്കീം 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയതുകൊണ്ട് ഈ സ്കീം എസ്.എസ്.എ.യിലേയ്ക്ക് ലയിപ്പിക്കുന്നതിന് ഉത്തരവിറക്കിയെങ്കിലും അധികാരികൾ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ട് ഇവരെ പഠിപ്പിച്ചുകൊണ്ടിരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ജോലിയില്ലാതായി. ഇതിന് പരിഹാരമായി അദ്ധ്യാപകരെ പുനർ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഐ.ഇ.ഡി.സി. സ്കീമിൽ പഠിപ്പിക്കുന്ന ഡിഗ്രിയുള്ള അദ്ധ്യാപകർക്ക് സാധാരണ അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കേന്ദ്ര സർക്കാർ 2009 ഏപ്രിൽ 1 മുതൽ പുന:ക്രമീകരിച്ച ഐ.ഇ.ഡി.സി. സ്കീം 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ

പഠിക്കുന്ന കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. അതോടൊപ്പം കേന്ദ്ര സർക്കാർ അധ്യാപകരുടെ യോഗ്യത പുനർ നിർണ്ണിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2008-09-ൽ ജോലി ചെയ്തവരും പുതിയ സ്കീം അനുസരിച്ച് യോഗ്യതയുള്ളവരുമായ 458 അദ്ധ്യാപകർക്ക് ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്. സ്കൂളുകളിൽ പുനർ നിയമനം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 472 റിസോഴ്സ് അധ്യാപകർക്ക് എസ്.എസ്.എ.യിൽ താൽക്കാലിക നിയമനം നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു. 2009-2010 വർഷം മുതൽ 1 മുതൽ 8 വരെയുള്ള ക്ളാസ്സുകളിൽ ഐ.ഇ.ഡി.സി.യുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത് എസ്.എസ്.എ.യും 9 മുതൽ 12 വരെയുള്ള ക്ളാസ്സുകളിൽ വിദ്യാഭ്യാസ വകുപ്പുമാണ്. ഇവിടെ ഉന്നയിച്ച മറ്റ് കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(11) കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിന് ഭൂമി ലഭ്യമാക്കൽ

ശ്രീ. കെ. ടി. ജലീൽ: ദേശീയപാത 17-ൽ തൃശ്ശൂരിനും കോഴിക്കോടിനും ഇടയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് ഒരു വർക്ക് ഷോപ്പ് തുടങ്ങുന്നതിന് വളാഞ്ചേരിക്കും പുത്തനത്താണിക്കുമിടയിലുള്ള ദേശീയപാതയിലെ ഉപയോഗശൂന്യമായി കിടക്കുന്ന 9.5 ഏക്കർ സ്ഥലത്ത് നിന്ന് 3 ഏക്കർ സ്ഥലം അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജിൽ 9.59 ഏക്കർ സ്ഥലം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസികൾക്കായി റിസർവ് ചെയ്തിട്ടുള്ള മിച്ചഭൂമി ഉൾപ്പെട്ടതാണ്. കെ.എസ്.ആർ.ടി.സി.ക്ക് വർക്കുഷോപ്പിന് നിലമ്പൂർ

താലൂക്കിൽ സ്ഥലം വാങ്ങിക്കൊടുക്കുന്നതിന് സർക്കാർ തലത്തിൽ ഉത്തരവുണ്ടാകണമെന്നാണ് മലപ്പുറം ജില്ലാകളക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. കേരള ലാന്റ് റിഫോംസ് ആക്ട് പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രഥമ പരിഗണന നൽകി വരുന്നതെങ്കിലും ചില പ്രത്യേക കേസ്സുകളിൽ പൊതു ആവശ്യത്തിന് നൽകാറുണ്ട്. ആദിവാസികൾക്ക് നൽകുന്നതിനുവേണ്ടി ഉത്തരവിറക്കിയിട്ടുള്ള ഭൂമിക്കുവേണ്ടി കെ.എസ്.ആർ.ടി.സി അപേക്ഷ നൽകേണ്ടതില്ലെന്ന അഭിപ്രായമുണ്ട്. മറ്റൊരു സ്ഥലം കണ്ടെത്താൻ ശ്രമിക്കാം.

(12) <u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം</u>

<u>ശ്രീ. തോമസ് ചാണ്ടി:</u> കുട്ടനാടിന്റെ പ്രത്യേക അവസ്ഥ കണക്കി ലെടുത്ത് അവിടുത്തെ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും കൂടുതൽ ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. പ്രകൃതിക്ഷോഭത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ നടപടികൾക്കും കൃഷിക്കാർക്കുള്ള നഷ്ടപരിഹാരത്തിനുമാണ് ഈ തുക വിനിയോഗിക്കുന്നതെങ്കിലും പ്രകൃതിക്ഷോഭംമൂലം കേടുപാട് സംഭവിക്കുന്ന റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അനുവദിക്കുന്നുണ്ട്. കാലവർഷക്കെടുതിയെത്തുടർന്നുണ്ടാകുന്ന കേടുപാടുകളുടെ തോതനുസരിച്ചും പുനരുദ്ധാരണത്തിന്റെ

ആവശ്യമനുസരിച്ചും കുട്ടനാട് മേഖലയെ തീർച്ചയായും പരിഗണിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവണ്മെന്റിന് ഒരു മെമ്മോറാണ്ടം സമർപ്പിക്കുന്നതാണ്.

(13) ബിനീഷ് കെ. ഷാജിയെ അഭിനന്ദിക്കൽ

ശ്രീ. ടി.യു. കുരുവിള: ലോക സ്ക്കൂൾ കായിക മേളയിൽ മെഡൽ നേടിയ ബിനീഷ് കെ. ഷാജിയെ സഭ അനുമോദിക്കണം വാടക വീട്ടിൽ താമസിക്കുന്ന ആ കുട്ടിക്ക് താമസ സൗകര്യമുണ്ടാക്കണം. കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്ക്കൂളിലെയും മാർ ബസേലിയസ് സ്ക്കൂളിലെയും സ്പോർട്ട്സ് പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്റ്റേഡിയം പണിയുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ലോക സ്ക്കൂൾ കായിക മത്സരത്തിൽ ബിനീഷ് കെ. ഷാജി വെള്ളി മേഡൽ നേടിയത് കേരളത്തിനും ഇൻഡ്യയ്ക്കും അഭിമാനിക്കാൻ കഴിയുന്ന നേട്ടമാണ്. കായികക്ഷമതയും കുതിപ്പുമുണ്ടെന്ന് വിദഗ്ദ്ധർ വിലയിരുത്തുന്ന ബിനീഷിന് എല്ലാവിധ സഹായങ്ങളും വിദഗ്ദ്ധപരിശീലനവും സമയബന്ധിതമായി നൽകും. കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്ക്കൂളിനും മാർബസേലിയസ് സ്ക്കൂളിനും സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതാണ്. കോതമംഗലത്ത് അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്പോർട്ട്സ് കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): അന്താരാഷ്ട്ര സ്കൂൾ കായിക മേളയിൽ അഭിമാനകരമായ നേട്ടം ബിനീഷ് കെ. ഷാജി കൈവരിച്ചതിനു പുറമെ അതിന്റെ ഉദ്ഘാടന ചടങ്ങിൽ ഇൻഡ്യൻ പതാക വഹിച്ചുകൊണ്ട് ഒഫീഷ്യൽസിന്റെ ഗ്രൂപ്പിന് നേതൃത്വം കൊടുത്തത് കേരളത്തിൽ നിന്നുള്ള ഒരാളാണെന്നുള്ളതും ശ്രദ്ധേയമാണ്. ദേശീയ കായിക മേളയിൽ ഏതാണ്ട് മൂന്ന് പതിറ്റാണ്ടിലധികമായി കേരളം തുടർച്ചയായി ഒന്നാം സ്ഥാനം നേടിക്കൊണ്ടിരിക്കുകയാണെങ്കിലും കുട്ടികളുടെ സ്പോർട്ട്സിന് പ്രാധാന്യം നൽകുന്ന കാര്യത്തിൽ പോരായ്മകളുണ്ട്. വിജയികളാകുന്ന കുട്ടികൾക്ക് നൽകുന്ന പ്രൈസ് മണി ഉയർത്തുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കുട്ടികൾക്കുള്ള പ്രൈസ് മണി ഒരാഴ്ചയ്ക്കുള്ളിൽ കാലോചിതമായി വർദ്ധിപ്പിക്കും.

മി. സ്പീക്കർ: ലോക സ്കൂൾ കായിക മേളയിൽ 200 മീറ്റർ ഓട്ടത്തിൽ കേരളത്തിന്റെ അഭിമാനമായ ബിനീഷ് കെ. ഷാജിയെ നിയമസഭ പ്രത്യേകമായി അനുമോദിക്കുന്നു.

(14) രാജ രവിവർമ്മയുടെ ചിത്രങ്ങൾ സംരക്ഷിക്കൽ

ശ്രീ. ജോർജ് മേഴ്സിയർ: തിരുവനന്തപുരം യൂണിവേഴ്സിറ്റി പ്രിൻസി പ്പാളിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുന്നതും മറ്റ് പലയിടങ്ങളിലായി ചിതറിക്കിട ക്കുന്നതുമായ രാജ രവിവർമ്മ ചിത്രങ്ങൾ ഒരു പ്രത്യേക ഗ്യാലറി നിർമ്മിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): രാജ രവിവർമ്മ ചിത്രങ്ങളുടെ മൂല്യം സംബന്ധിച്ച് വന്ന പത്രവാർത്തകളുടേയും മറ്റും അടിസ്ഥാനത്തിൽ അവ

സംരക്ഷിക്കുന്നതിനാണ് യൂണിവേഴ്സിറ്റി കോളേജിൽ പ്രിൻസിപ്പാളിന്റെ മുറിയിലേയ്ക്ക് മാറ്റിയിരിക്കുന്നത്. സംസ്ഥാന പുരാവസ്തു വകുപ്പിൽ ഇത്തരം ചിത്രങ്ങൾ സംരക്ഷിക്കുന്നതിന് സജ്ജീകരണങ്ങളില്ല. സംസ്ഥാന മ്യൂസിയം വകുപ്പിൽ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റേയും കോളേജ് അധികൃതരുടേയും അഭിപ്രായംകൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 69 മുതൽ 76 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

<u>2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ (21,54,30,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും (115,04,33,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (134,45,92,000 രൂപ)

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം (106,07,99,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV -ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ കെ. മുഹമ്മദുണ്ണി ഹാജി, ബി. ബാബു പ്രസാദ്, എൻ.ശക്തൻ, കെ. ബാബു, അടൂർ പ്രകാശ്, ടി.എൻ. പ്രതാപൻ, എം. മുരളി, എം.എ. വാഹീദ്, ജോർജ് മേഴ്സിയർ, എ.പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, ജി. കാർത്തികേയൻ, കെ.കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, തോമസ് ഉണ്ണിയാടൻ, കെ. കുട്ടി അഹമ്മദ് കുട്ടി, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപ ങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. ടി.എൻ. പ്രതാപൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെക്കുറിച്ച് ഗൗരവമായി പ്രതിപാദിച്ചിട്ടുണ്ട് മത്സ്യമേഖലയിലെ

കയറ്റുമതി വരുമാനം മൊത്തം കയറ്റുമതി വരുമാനത്തിന്റെ 24 ശതമാനത്തോളം വരും. സാമൂഹികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന 11 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്കാവശ്യമായ ബഡ്ജറ്റ് സപ്പോർട്ടും പിന്തുണയും ലഭിക്കുന്നില്ല. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ സമർപ്പിച്ച പദ്ധതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും എ.ഡി.ബി-യിൽനിന്നും ലഭിച്ച സഹായം പ്രയോജന പ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രതിശീർഷ വരുമാനം മുഖ്യധാര സമൂഹത്തിന്റേതിൽനിന്നും പകുതിയിലും താഴെയാണ്. ഈ മേഖലയിൽ ഇടത്തട്ടുകാരുടെ ചൂഷണം തീരാശാപമായി മാറിയിരിക്കുന്നു. കടാശ്വാസ കമ്മീഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫിനേയും നൽകണം. കടാശ്വാസം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കണം. ജനസാന്ദ്രത ഏറ്റവുംകൂടുതലുള്ള തീരപ്രദേശങ്ങളിൽ ആവശ്യമായ പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഭൂരഹിതരായവർക്ക് ഭൂമി കൊടുക്കാനും സുനാമി ഫണ്ടിൽ വകയിരുത്തിയ തുക ഭവന നിർമ്മാണത്തിന് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. സുനാമി ഫണ്ടിൽനിന്നും അനുവദിച്ച പണം ശരിയായ വിധത്തിൽ വിനിയോഗിക്കണം. രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ശുചിത്വമില്ലായ്മ മൂലമുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ തടയുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട വിധവകൾക്കും മത്സ്യസംസ്ക്കരണ മേഖലയിൽ പണിയെടുക്കുന്നവർക്കും രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കാനും വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർക്കും സൗജന്യ റേഷൻ നൽകാനുമുള്ള നടപടി സ്വീകരിക്കണം. പരമ്പരാഗത

മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. തീരദേശ വികസന കോർപ്പറേഷൻ ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. മത്സ്യക്കയറ്റുമതി സെസ്സ് പിരിക്കാൻ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ ഒഴിവാക്കിക്കൊണ്ട് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ യാനങ്ങൾക്കും ഇൻഷ്വറൻസ് സുരക്ഷ ലഭ്യമാക്കണം. കടൽസുരക്ഷ ഉപകരണങ്ങൾ സൗജന്യമായി നൽകണം. ജാതി-മത വിദ്വേഷങ്ങൾ മറന്ന് പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതോടൊപ്പം സാമുദായിക സംഘർഷം വ്യാപിക്കാതെ ശ്രദ്ധിക്കണം. മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്ന് രക്ഷിക്കാനുള്ള നടപടി ഉണ്ടാകണം. തീരപ്രദേശങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ കാലോചിതമായ പരിഷ്ക്കരണം ഏർപ്പെടുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഉപയോഗപ്പെടുത്തി ഹാർബറുകളെ ആധുനികവൽക്കരിക്കണം.

<u>ശ്രീമതി കെ.കെ.ശൈലജ ടീച്ചർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള പ്രായോഗിക നടപടികളും സമീപനങ്ങളുമാണ് കഴിഞ്ഞ മൂന്നു വർഷമായി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സുനാമി ഫണ്ടും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച മറ്റ് ഫണ്ടുകളും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു. ആഗോള സാമ്പത്തിക തകർച്ചയുടെ ഭവിഷ്യത്തുകൾ ഫിഷറീസ് മേഖല യേയും ബാധിച്ചതിന്റെ ഫലമായി കയറ്റുമതി മേഖലയിൽ സപ്ലൈ ഓർഡർ 40 ശതമാനം വരെ കുറയുകയും തൊഴിൽ നഷ്ടമുണ്ടാവുകയും ചെയ്തു. ഈ അവസ്ഥയെ മറികടക്കാനായി 10 കോടി രൂപയുടെ പ്രത്യേക പദ്ധതി

അംഗീകരിച്ചുകൊണ്ട് 5 വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ളാൻ തയ്യാറാക്കി പ്രവർത്തിച്ചു. മാന്ദ്യത്തെ മറികടക്കാനായി അടിസ്ഥാന സൗകര്യ വികസന ത്തിന് 15 കോടി രൂപ നീക്കി വച്ചു. 10 ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ ത്തിന് പ്രാരംഭം കുറിക്കുകയും അതിൽ നാലെണ്ണത്തിന്റെ നിർമ്മാണ പ്രക്രിയ ആരംഭിക്കുകയും ചെയ്തു. 19 പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകൾ പ്രവർത്തനമാരംഭിച്ചു. മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി കൊണ്ടുവന്ന കടാശ്വാസ നിയമവും പലിശ രഹിത വായ്പ പദ്ധതിയും അഭിനന്ദനാർഹമാ ണ്. മത്സ്യ കയറ്റുമതിയിലൂടെ സംസ്ഥാനം ഉണ്ടാക്കി കൊടുക്കുന്ന സമ്പത്തിന്റെ ചെറിയൊരു ശതമാനം പോലും മൽസ്യ മേഖലയിൽ ദുരന്തം ഉണ്ടാകുമ്പോൾ കേന്ദ്ര ഗവണ്മെന്റ് നൽകുന്നില്ല. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ വിശദ വിവരം നൽകുന്നതിൽ വരുന്ന നേരിയ കാലതാമസം പോലും അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാ കാത്തതിനാൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. തീരക്കടൽ മൽസ്യബന്ധനത്തിന് അനുകൂലമായ സമീപനങ്ങൾ സ്വീകരിക്കുകയും ആഴക്കടൽ മത്സ്യബന്ധനത്തിന് പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചകൊണ്ട് പ്രത്യേക പരിശീലനം നൽകുന്നതിന് തയ്യാറാവുകയും ചെയ്തു. സമഗ്ര തീരദേശ വികസന പദ്ധതിക്ക് 3000 കോടി രൂപയാണ് ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി 6000 വീടുകൾ തീരദേശത്ത് നിർമ്മിച്ചു. സുനാമി പുനരധിവാസത്തിന് 324 കോടി രൂപ ചെലവഴിച്ച് 11,000 വീടുകൾ നിർമ്മിച്ചു. മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാൻ 1000 ചെറുകിട സംരംഭങ്ങൾ ആരംഭിച്ചു. സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങളായ ചെറുകിട

ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഉൽപന്നങ്ങളുടെ പ്രോസസ്സിംഗ് സെന്റർ, ആധുനിക പീലിംഗ് സെന്റർ എന്നിവ ഉണ്ടാക്കി. സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ പരിസരം വുമൺ ഫ്രണ്ട്‌ലി ആക്കാൻ നടപടികൾ സ്വീകരിച്ചു. ഉൾനാടൻ മത്സ്യോൽപാദനം 200,000 ടൺ ആയി വർദ്ധിപ്പിക്കാനുമുള്ള പരിശ്രമം അഭിനന്ദാർഹമാണ്. അലങ്കാര മൽസ്യകൃഷി പ്രോൽസാഹിപ്പിക്കാനായി അക്വാപാർക്ക് സ്ഥാപിച്ചു. ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് ഓഷ്യനേറിയം സ്ഥാപിക്കാനുള്ള ശ്രമം കൗതുകകരമാണ്. നഗരങ്ങളിലെ മൽസ്യ മാർക്കറ്റുകൾ നവീകരിക്കുന്ന പദ്ധതി പരിസര മലിനീകരണ പ്രശ്നത്തിന് പരിഹാരമാവുകയാണ്. മൽസ്യരംഗത്തെ വനിത ഗ്രൂപ്പുകൾക്ക് വാഹനം നൽകാൻ തീരുമാനിച്ചു. കടലിൽ പോകുന്നവർക്ക് ലൈഫ് ജാക്കറ്റുകൾ നൽകി. വനിതാ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തി. 5 കോടി രൂപയുടെ മൽസ്യബന്ധന ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിച്ചു. ഹരിത തീരം പദ്ധതി ആരംഭിച്ചു. തീരദേശത്ത് മതസൗഹാർദ്ദം നിലനിർത്തുന്നതിന് ശ്രദ്ധിക്കണം. അവശതയനുഭവിക്കുന്ന തീരദേശവാസികളുടെ ചികിൽസയും സാക്ഷരതയും കുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹ്യ പ്രശ്നമായി കാണാൻ കഴിയണം. ഈ മേഖലയിലെ വിദ്യാസമ്പന്നർക്ക് തൊഴിലവസരം സൃഷ്ടിക്കണം. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.യെ അഭിമാനകരമായ നിലയിലെത്തിക്കാൻ സാധിച്ചു. ഒരോ വർഷവും ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ തീരുമാനമെടുത്തു. റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. അപകടങ്ങൾ ഒഴിവാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ച് പല പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയുടെ പ്രയോജനം പൂർണ്ണ തോതിൽ ഉണ്ടായിട്ടില്ല. സുനാമി ഉണ്ടായതിനുശേഷം കടലിലെ മൽസ്യസമ്പത്ത് കുറഞ്ഞിട്ടുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് മൽസ്യ സംസ്ക്കരണവും കയറ്റുമതിയും ഇന്ന് പ്രതിസന്ധിയിലാണ്. കയറ്റുമതിക്ക് യൂറോപ്യൻ സാമ്പത്തിക സമൂഹം അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മൽസ്യ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. തോപ്പുംപടി ഫിഷിംഗ് ഹാർബർ അവഗണിക്കപ്പെട്ട നിലയിലാണ്. കേന്ദ്ര ഗവൺമെന്റ് കൊച്ചി ഫിഷറീസ് ഹാർബറിനുവേണ്ടി 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ സംസ്ഥാന ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റുകൂടി നൽകണം. മൽസ്യബന്ധന ഉപകരണങ്ങൾക്ക് എൻ.സി.ഡി.സി. അനുവദിച്ച ഫണ്ടും ആഴക്കടൽ മൽസ്യബന്ധനത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഫണ്ടും മൽസ്യഫെഡ് ഇതുവരെ വിതരണം ചെയ്തിട്ടില്ല. അപകട മരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം യഥാസമയം ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 600 കോടി രൂപയുടെ ധനസഹായത്തോടൊപ്പം സംസ്ഥാന വിഹിതംകൂടി ഉപയോഗിച്ച് ട്രോളിംഗ് നിരോധനംമൂലം ബുദ്ധിമുട്ടുന്ന മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം. മൽസ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ച ഒഴിവാക്കണം. കടൽവഴിയുള്ള ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിൽ മൽസ്യത്തൊഴിലാളികൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. തീരദേശ പരിപാലന നിയമത്തിലെ അശാസ്ത്രീയത പരിഹരിക്കുന്നതിന് നടപടികൾ

സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. നൈലോൺ ടയറുകളും ട്യൂബുകളും വാങ്ങിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടായതായി സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. കൊച്ചിയിൽ യാത്രാ സൗകര്യത്തിനായി അധികംപേരും ജലഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. കായലുകളുടെ ആഴക്കുറവുമൂലം ബോട്ടുസർവ്വീസ് മുടങ്ങുന്നതിന് പരിഹാരം കാണണം. വിദ്യാർത്ഥികൾക്ക് ബോട്ടുകളിൽ അനുവദിക്കുന്ന സൗജന്യ യാത്ര കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ബോട്ടുയാത്ര കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാൻ തയ്യാറാകണം.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രതികൂലമായ സാഹചര്യത്തിൽ അധികാരമേറ്റ ഇടതുമുന്നണി സർക്കാർ ജനങ്ങളോടുള്ള പ്രതിബദ്ധതയും കടപ്പാടും കണക്കിലെടുത്ത് ജനക്ഷേമകരമായ ഒട്ടേറെ പ്രവർത്തനങ്ങളാണ് മൂന്നു വർഷം കൊണ്ട് കാഴ്ചവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൽസ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പു വരുത്താൻ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്ക് വീട്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ ധാരാളം നടപടികൾ സ്വീകരിച്ചു. പുതിയ തൊഴിൽ സംരംഭങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവശ്യ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാനായി തീരമൈത്രി സ്റ്റോറുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. മൽസ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി മൽസ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കുമെന്നും ഉൾനാടൻ മൽസ്യ മേഖലയിൽ ഏകീകൃത ഉൾനാടൻ ഫിഷറീസ് നിയമം കൊണ്ടുവരുമെന്നുള്ള

പ്രഖ്യാപനങ്ങളിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം. മൽസ്യത്തൊഴിലാളി കടാശ്വാസ നിയമം, മൽസ്യത്തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി വിതരണം ചെയ്യുന്ന പദ്ധതി തുടങ്ങിയവ സ്വാഗതാർഹമാണ്.

കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് യാത്രാസൗകര്യം ഉറപ്പാക്കി ചെലവു ചുരുക്കിയും വരുമാനം വർദ്ധിപ്പിച്ചും കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഓപ്പൺ ടെണ്ടറിലൂടെ ചേസിസ് വാങ്ങി അഴിമതിയില്ലാതാക്കാനും കോർപ്പറേഷന്റെ ലാഭം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വർക്ക്ഷോപ്പിൽ തന്നെ ബസ് ബോഡി നിർമ്മാണം നടത്താൻ കഴിഞ്ഞതും അഞ്ഞൂറിലധികം ഷെഡ്യൂളുകൾ ആരംഭിക്കാൻ കഴിഞ്ഞതും നല്ല കാര്യമാണ്. മലബാർ മേഖലയിലെ യാത്രാക്ളേശം പരിഹരിക്കാൻ നടപടി സ്വീകരിച്ചു. ഷെഡ്യൂളുകൾ പരിഷ്ക്കരിച്ചും ഇൻസെന്റീവ് നടപ്പിലാക്കിയും വരുമാനം വർദ്ധിപ്പിച്ചും മോട്ടോർ വാഹന വകുപ്പ് നവീകരിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ട് സഹകരണസംഘങ്ങളുടെ ബസ്സുകൾ പ്രവർത്തിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നൽകിയിരുന്ന സഹായങ്ങൾ പുനരാരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഗതാഗതരംഗത്ത് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാസർകോട്, അങ്കമാലി, കൊട്ടാരക്കര എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളുടെ പണി തീർന്നുകൊണ്ടിരിക്കുകയാണ്. പുതിയ അന്തർസംസ്ഥാന റൂട്ടുകൾ ആരംഭിക്കാനുള്ള കരാർ കർണ്ണാടക സർക്കാരുമായി ഒപ്പു വച്ചു. വിവിധ തസ്തികകളിലായി കെ.എസ്.ആർ.ടി.സി. യിലുണ്ടായിരുന്ന അയ്യായിരത്തിലധികം ഒഴിവുകൾ പി.എസ്.സി. മുഖേന നികത്താനുള്ള നടപടി സ്വീകരിച്ചു. ജലഗതാഗത വകുപ്പിന് പത്ത് ഫൈബർ

ബോട്ടുകൾ വാങ്ങി. കോട്ടപ്പുറം -നീലേശ്വരം ജലപാതയുടെ പ്രവർത്തനം ആരംഭിച്ചു. പിന്നിട്ട മൂന്നു വർഷങ്ങളിലും ജനക്ഷേമകരമായ പ്രവർത്തന ങ്ങൾ കാഴ്ച വച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വരും വർഷങ്ങളിലും കേരളത്തിലെ ജനസമൂഹത്തിന്റെ സുരക്ഷയും തൊഴിലവസരങ്ങളും ഉറപ്പു വരുത്തുന്ന കാര്യത്തിൽ ജാഗ്രതയോടുകൂടി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

<u>പ്രൊഫ. എൻ. ജയരാജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എ സ്.ആർ.ടി.സി.-യിൽ ഇന്ന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഉദ്യോഗസ്ഥരാണ്. ഒരു കാലത്ത് പൊതുഗതാഗതരംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കാഴ്ചവച്ചിരുന്ന ഗതാഗതവകുപ്പ് ഇന്ന് ജരാനരകൾ ബാധിച്ച അവസ്ഥയിലാണ്. അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് ഇപ്പോഴും പരിഹാരം കാണാൻ സാധിച്ചിട്ടില്ല. വികലമായ ആസൂത്രണംമൂലമാണ് ട്രാൻസ്പോർട്ട് സിസ്റ്റം ലാഭകരമായി കൊണ്ടുപോകാൻ സാധിക്കാത്തത്. കെ.എസ്.ആർ.ടി.സി. യുടെ ഭരണപരമായ കാര്യങ്ങളിലും പർച്ചേസിലും കാലങ്ങളായി നിലനിൽക്കുന്ന കെടുകാര്യസ്ഥതയ്ക്ക് ഇപ്പോഴും മാറ്റമു ണ്ടായിട്ടില്ല. എടുക്കുന്ന തീരുമാനങ്ങൾക്ക് കണ്ടിന്യൂറ്റി ഇല്ലാതെ പോകുന്നതു കൊണ്ട് അവ പാളിപ്പോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. കെ.എസ്.ആർ.ടി. സി. രക്ഷപ്പെടണമെങ്കിൽ സമാന്തര സർവ്വീസുകൾ നിയന്ത്രിക്കാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ ശക്തമായ ഇടപെടലുണ്ടാകണം. വരുമാനത്തിൽ ഇപ്പോൾ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽപോലും പഴയ കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാത്തത് കെ.എസ്.ആർ.ടി.സി.യെ ബുദ്ധിമുട്ടി ലാക്കുന്നതിനാൽ പഴയ കടബാധ്യത ഒഴിവാക്കിക്കൊടുക്കണം. വൈദഗ്ദ്ധ്യമുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് മിഡിൽ ലവൽ മാനേജ്മെന്റ്

കാര്യക്ഷമമാക്കിയാൽ കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്ന് കരകയറ്റാൻ സാധിക്കും. സൗജന്യ യാത്ര പാസ്സുകൾ നൽകുന്നതുമൂലമുണ്ടാകുന്ന നഷ്ടം ഗവൺമെന്റ് ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. റോഡ് സുരക്ഷ സംവിധാനങ്ങൾ കാര്യക്ഷമമാക്കണം. അക്കൗണ്ടിംഗ്, സ്റ്റോർ ഇൻവെന്ററി എന്നിവ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കണം. ചെലവ് കുറയ്ക്കുന്നതിനായി എൽ.പി.ജി. ഉപയോഗിച്ച് വാഹനമോടിക്കുന്നതുൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഈ മേഖലയിൽ കൊണ്ടുവരുന്നതോടൊപ്പം റിസർച്ച് ആന്റ് അനാലിസിസ് വിംഗ് ആരംഭിക്കുകയും പാസഞ്ചർ സ്റ്റഡി നടത്തുകയും വേണം. സുനാമി പുനരധിവാസ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്ന കാര്യം പരിഗണിക്കണം.

<u>ശ്രീ. എ.എം. ആരിഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തികഞ്ഞ ആത്മാർത്ഥതയോടും സത്യസന്ധതയോടും ലക്ഷ്യബോധത്തോടും കൂടിയുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിവരുന്നത്. മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി വിദേശ ട്രോളറുകൾ മത്സ്യ സമ്പത്ത് ചൂഷണം ചെയ്തുകൊണ്ടുപോകുന്നത് നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും അവയ്ക്ക് ലൈസൻസ് പുതുക്കി നൽകുന്നത് നിർത്തലാക്കുകയും ചെയ്യണം രാജ്യത്തിന് ഏറ്റവുംകൂടുതൽ സമ്പത്തുണ്ടാക്കിക്കൊടുക്കുന്ന മൽസ്യക്കയറ്റുമതി മേഖലയെ സംരക്ഷിക്കാനാവശ്യമായ നിയമനിർമ്മാണം ഉണ്ടാകണം. മൽസ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ അനുവദിക്കണം. മൽസ്യത്തൊഴിലാളികൾക്ക് അവരുടെ മുടക്കുമുതലിനാധാരമായ വരുമാനം

പോലും ലഭിക്കാത്ത സ്ഥിതിക്ക് പരിഹാരം കാണണം. മൽസ്യബന്ധന ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് അമിതമായ നികുതി ഈടാക്കുന്നത് അവസാനിപ്പിക്കണം. കേന്ദ്ര ഗവൺമെന്റ് മൽസ്യമേഖലയെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എട്ട് ഫിഷിംഗ് ഹാർബറുകൾ കമ്മീഷൻ ചെയ്യുകയും അഞ്ച് ഫിഷിംഗ് ഹാർബറുകളുടെ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ഈ ഗവൺമെന്റ് മൽസ്യബന്ധന മേഖലയുടെ പുരോഗതിക്കായി നിയമനിർമ്മാണം നടത്തി ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 3000 കോടി രൂപയാണ് തീരദേശ സമഗ്ര വികസന പദ്ധതികൾക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശ ഹൈവേ വികസനമുൾപ്പെടെ പശ്ചാത്തല വികസന പരിപാടിയുടെ നല്ലൊരു ഭാഗം ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ മൽസ്യ സംസ്കരണ വിഭാഗത്തിലെ തൊഴിലാളികൾക്കു കൂടി ലഭ്യമാക്കാൻ നടപടിയുണ്ടാകണം. തീരദേശ വികസന കോർപ്പറേഷന് ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാക്കണം. മൽസ്യബന്ധന മേഖലയിൽ വിപ്ലവകരമായ നേട്ടം ലക്ഷ്യംവച്ച് മൽസ്യത്തൊഴിലാളികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഈ വകുപ്പിന് കഴിഞ്ഞു. ഗതാഗത വകുപ്പിലും വലിയ മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും നോക്കുമ്പോൾ അത് ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. അന്യസംസ്ഥാനങ്ങളിൽ ട്രാൻസ്പോർട്ട് വകുപ്പ് ലാഭത്തിലാകാൻ കാരണം

അവിടെയുള്ള ഭൂരിഭാഗം സർവീസും കൈകാര്യം ചെയ്യുന്നത് ട്രൻസ്പോർട്ട് വകുപ്പായതുകൊണ്ടാണ്. സംസ്ഥാനത്ത് ആകെയുള്ള സർവീസിന്റെ 13 ശത മാനം മാത്രമാണ് കെ.എസ്.ആർ.ടി.സി. നടത്തുന്നത്. ഈ സർക്കാർ വന്നതി നുശേഷം 2006 ജൂൺ മാസത്തിൽ പ്രതിദിനം 11.52 ലക്ഷം കിലോമീറ്റർ ഉണ്ടാ യിരുന്ന സർവീസ് ഇപ്പോൾ 14.40 ലക്ഷം കിലോമീറ്ററായി വർദ്ധിക്കുകയും 2.27 കോടി രൂപയായിരുന്ന പ്രതിദിന വരുമാനം 3.03 കോടി രൂപയാവുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. 1623 പുതിയ ബസ്സുകൾ നിരത്തിലിറക്കി യിട്ടുണ്ട്. മലബാർ പോലുള്ള സ്ഥലങ്ങളിൽ ഇപ്പോൾ 214 ജനപ്രിയ സർവ്വീസുകൾ ഓടുന്നുണ്ട്. ഹൈറേഞ്ച് മേഖലയിൽ 143 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരെയും തൊഴിലാളി സംഘടനക ളേയും വിശ്വാസത്തിലെടുത്തതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.ക്ക് ഇത്തര ത്തിൽ പ്രവർത്തിക്കാൻ സാധിച്ചതെന്നത് അംഗീകരിക്കേണ്ടതാണ്. കോർപ്പറേ ഷന്റെ വികസനം ഉറപ്പാക്കാനും ലാഭകരമായി പ്രവർത്തിപ്പിക്കാനും സർക്കാ രിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. പത്ത് പ്രധാനപ്പെട്ട സ്ഥലങ്ങ ളിൽ ഓൺലൈനായി സർവീസ് ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം അഞ്ച് വർക്ക്ഷോപ്പുകളിലായി 1594 ബസ് ബോഡികൾ നിർമ്മിച്ചിട്ടുണ്ട്. ഹൈടെക്ക് ബോഡി നിർമ്മാണത്തിന് കഴിഞ്ഞ കാലങ്ങളിൽ റേറ്റ് കൂടുതലായിരുന്നുവെങ്കിൽ ഇപ്പോൾ കുറഞ്ഞിരിക്കുക യാണ്. കെ.എസ്.ആർ.ടി.സി.ക്ക് പ്രതിമാസം കടങ്ങൾ തീർക്കുന്നതിന് 18.5 കോടി രൂപയും പെൻഷൻ വിതരണത്തിന് 13.5 കോടി രൂപയും പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് 10 കോടി രൂപയും ആവശ്യമായിവരുന്ന തുകൊണ്ടാണ് കമ്മി 13 കോടി രൂപയായത്. കെ.ടി.ഡി.എഫ്.സി–.യുടെ വായ്പയിൽ നിന്ന് ട്രാൻസ്പോർട്ട് കോർപ്പറേഷനെ രക്ഷപ്പെടുത്തണം. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കെ.എസ്.ആർ.ടി.സി-.യിൽ ശമ്പള പരിഷ്ക്കരണം നടത്തിയത്. ജീവനക്കാർക്ക് കൊടുക്കാനുള്ള ഡി.എ. കുടിശ്ശിക കൊടുക്കണം. പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കണം. തിരുവനന്തപുരം നഗരത്തിൽ മാത്രം സമാന്തര സർവീസുകൾ നിരോധിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് 25 ശതമാനം വരുമാനവർദ്ധനവുണ്ടായിട്ടുണ്ട്. ടിക്കറ്റ് നിരക്ക് കുറയ്ക്കാൻ കഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റ് ഐ.ഒ. സി.ക്ക് കൊടുക്കാനുണ്ടായിരുന്ന കടബാധ്യത തീർത്തത് ഈ സർക്കാരാണ്. ഈ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.ക്ക് മുമ്പുണ്ടായിട്ടില്ലാത്തവിധത്തിൽ ധനസഹായം നൽകി. ഇന്ധനച്ചെലവ് കുറയ്ക്കാനും അതുവഴി മൂന്ന് കോടി രൂപ ലാഭമുണ്ടാക്കാനും കഴിഞ്ഞു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് ഈ മേഖലയിൽ പണിയെടുക്കുന്നവരെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. എ.എ. അസീസ്</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള വിവിധ നടപടികൾ സ്വീകരിച്ച സർക്കാരാണിത്. വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് തുക തിരിച്ചടയ്ക്കാനാകാതെ വന്ന സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത്. വായ്പകൾക്ക് ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. 21,000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കച്ചവടം നടത്തുന്നതിനായി പലിശരഹിത വായ്പ നൽകാൻ നടപടി സ്വീകരിക്കുകയും മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ 110 രൂപയിൽ നിന്ന് 250 രൂപയാക്കി വർദ്ധിപ്പി

ക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്കുൾപ്പെടെ ഒരു കിലോ അരി രണ്ട് രൂപയ്ക്ക് നൽകാൻ തീരുമാനിച്ചതും അവരുടെ ജീവിത നിലവാരം മെച്ച പ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്. സുനാമി ബാധിത പ്രദേശങ്ങളിലെ വീടുകളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. സ്വന്തമായി ഭൂമിയുള്ളവർക്ക് വളരെ പെട്ടെന്ന് തന്നെ വീട് പണിത് കൊടുക്കുന്നുണ്ട്. വളരെ മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു മാനേജു മെന്റാണ് കെ.എസ്.ആർ.ടി.സി.ക്കുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ഒ.സി.ക്ക് കൊടുക്കാനുണ്ടായിരുന്ന 133 കോടി രൂപ ഈ സർക്കാർ കൊടുത്തു. ബസ്സുകളുടെ ബോഡി ബിൽഡിംഗ് വർക്ക് സ്വകാര്യ ഏജൻസി കളെ ഏൽപ്പിക്കാതെ കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ നടത്തുന്നത് ശ്രദ്ധേയമാണ്. കെ.ടി.ഡി.എഫ്.സി.യുമായി ചേർന്ന് കാസർഗോഡ്, കൊട്ടാര ക്കര, അങ്കമാലി, നെടുമങ്ങാട്, തമ്പാനൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വ്യാപാര സമുച്ചയങ്ങൾ പണിയുന്നത് സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാർക്ക് നൽകുന്ന രീതിയിലുള്ള പെൻഷനും മറ്റാനുകൂല്യങ്ങളുമാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്കും നൽകുന്നത്. റോഡ് സേഫ്റ്റി നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചമ്രവട്ടം റഗുലേറ്റർ കം-ബ്രിഡ്ജിന്റെ പണി കൃത്യമായി മോണിറ്ററിംഗ് നടത്തി പൂർത്തീകരിക്കണം. മത്സ്യത്തൊഴിലാളി കടാശ്വാസ നിയമത്തിലൂടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ കഴി ഞ്ഞിട്ടുണ്ട്. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുമ്പോൾ ഉപരിതല മത്സ്യ

സംരക്ഷണ നിയമ പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നാടൻ വള്ളങ്ങളിൽ തീരക്കടലിൽപോയി മത്സ്യബന്ധനം നടത്താനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ നൽകുന്നതിനായി 12 കോടി രൂപ അനുവദിക്കുകയും മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും മൽസ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളെ ടുക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഹോട്ടൽ വ്യവസായം തുടങ്ങുന്നതിനുള്ള തീരമൈത്രി സീ ഫുഡ് കിച്ചൻ പരിപാടി, അലങ്കാര മത്സ്യക്കൃഷി എന്നിവ നടപ്പാക്കി. മത്സ്യത്തൊഴിലാളി കൾക്കായി സമ്പൂർണ്ണ ഭവന പദ്ധതി, കുടിവെള്ള പദ്ധതി, അംഗൻവാടി, ആശുപത്രികൾ, തീരദേശ ഹൈവേ എന്നിവയുൾപ്പെട്ട 3000 കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നത്. ആഗോളവൽക്കരണ നയത്തിന്റെ ഫലമായി ഇൻഡ്യയിൽ വിദേശ കപ്പലുകൾ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച മുരാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞിട്ടില്ല. ഇൻഡ്യ-തായ്‌ലൻഡ് ട്രേഡ് എഗ്രിമെന്റ് പ്രകാരം 82 ഇനം മത്സ്യങ്ങൾ ഇൻഡ്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇങ്ങനെ മത്സ്യമേഖലയിലെ ജനങ്ങളെ ദ്രോഹിക്കുന്ന നയങ്ങളുമായാണ് കേന്ദ്രസർക്കാർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. തീരദേശ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിന് 15 കോടി രൂപ ഓഹരി മൂലധനമായി അംഗീകരിച്ചിട്ടുണ്ട്.

ഈ കോർപ്പറേഷനിലൂടെ പാലങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. കെ.എസ്.ആർ.ടി.സി-യെ ലാഭകരമാക്കുന്നതിനുവേണ്ടി പലവിധത്തിലുമുള്ള പരിഷ്ക്കാരങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. റോഡ് സുരക്ഷ നിയമം നടപ്പിലാക്കുകയും ആർ.ടി. ആഫീസുമായി ബന്ധപ്പെട്ട് നിരവധി ബോധവത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്തതുമൂലം അപകട മരണങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു.

ശ്രീ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം ജനങ്ങൾ ആശ്രയിക്കുന്ന റോഡ് ഗതാഗത മേഖലയോട് സംസ്ഥാന സർക്കാർ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 750 ലക്ഷം രൂപ എഴുതിത്തള്ളി കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. 5000 പേർക്ക് സ്ഥിരം നിയമനം നൽകി. മലബാറിൽ 214 പുതിയ ബസ് റൂട്ടുകൾ ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുകയും ചെയ്തു. ഓരോ വർഷവും ഏതാണ്ട് അരലക്ഷത്തോളം സൗജന്യ പാസ്സുകൾ നൽകുന്നതിലൂടെ 343 കോടി രൂപ കോർപ്പറേഷന് നഷ്ടമാകുന്നുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിൽ നിർമ്മാണത്തിലിരിക്കുന്ന 58 ഷോപ്പിംഗ് കോംപ്ലക്സുകളിൽ ആറെണ്ണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെട്ടാൽ 80 കോടി രൂപ പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് ലാഭിക്കാൻ കഴിയും. കെ.എസ്.ആർ. ടി.സി.-യിലെ പ്രൊഫഷണൽസിന്റെ അഭാവം പരിഹരിക്കുന്നതിന് മുൻകൈ

യെടുക്കണം. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി കടാശ്വാസ പദ്ധതി നടപ്പിലാക്കിയത് ശ്ലാഘനീയ മാണ്. മത്സ്യ ഇറക്കുമതിക്കുള്ള ലൈസൻസ് നൽകൽ, വിദേശ ട്രോളറുക ളുടെ അനിയന്ത്രിതമായ കടന്നുവരവ്, തീരദേശ പരിപാലന നിയമം തുടങ്ങിയ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര കാർഷിക കടാശ്വാസ പദ്ധതിയിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്ന കേരളത്തിന്റെ അഭ്യർത്ഥന കേന്ദ്രം നിരാകരിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളി മേഖല യിൽ നിരവധി ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിനു വേണ്ടി ഭരണ-പ്രതിപക്ഷമെന്യേ ഒരുമിച്ചുനിന്ന് പ്രവർത്തിക്കാനുള്ള ശ്രമം ഉണ്ടാകണം.

<u>ശ്രീ. കെ. കെ. ദിവാകരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 25 വർഷമായി യാതൊരു വികസനവുമില്ലാതെ മുരടിച്ചു നിന്നിരുന്ന കെ.എസ്.ആർ.ടി.സി. ഇന്ന് മാതൃകാസ്ഥാപനമായി മാറിക്കൊണ്ടിരിക്കുക യാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം ഉയർത്തിക്കൊണ്ടുവരുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി-യുടെ പ്രതിദിന സർവീസും വരുമാനവും വർദ്ധിപ്പിച്ചു. 1623 ബസ്സുകൾ കെ.എസ്.ആർ.ടി.സി ഇതിനകം പുറത്തിറക്കിക്കഴിഞ്ഞു. ചുരുങ്ങിയ കാലത്തിനുള്ളിൽ അനേകം പുതിയ സർവ്വീസുകൾ ആരംഭിച്ചു. കെ.എസ്.ആർ.ടി.സി.യുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അഞ്ച് മേഖല ഓഫീസുകളുടെ പ്രവർത്തനം

തുടങ്ങാൻ കഴിഞ്ഞതും ഓൺ-ലൈൻ റിസർവേഷൻ ആരംഭിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി 350 ബസുകൾ പുറത്തിറക്കാനുള്ള തീരുമാനം ശ്ളാഘനീയമാണ്. 1594 ബസ്സുകളുടെ ബോഡിനിർമ്മാണം കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പുകളിൽ പൂർത്തിയാക്കുകയും ചേസിസുകൾ ലേലത്തിലൂടെ വാങ്ങിക്കുകയും ചെയ്തതുവഴി ആ ഇനത്തിലും ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രത്തിലാദ്യമായി ടിക്കറ്റ് നിരക്ക് കുറച്ചു. ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന പദ്ധതികളാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള സർവ്വീസുകൾക്ക് പുറമേ ആയിരം പുതിയ ബസ്സുകൾ വാങ്ങാനുള്ള നടപടി എടുത്തുവരികയാണ്. 12783 പേർക്ക് നിയമനം നൽകി. ബാക്കിയുള്ള ഒഴിവുകൾ കൂടി നികത്തുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 500 രൂപ നൽകുകയും അതിനുശേഷം ശമ്പള പരിഷ്ക്കരണം പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വരുത്തിവച്ച ഓയിൽ കമ്പനികൾക്കുള്ള കടത്തിൽ 46.29 കോടി രൂപ കൊടുത്തുതീർക്കാൻ കഴിഞ്ഞു. ബാക്കിയുള്ള തുക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ഡീസലിന്റെ സപ്ലൈയിൽ 25 ശതമാനം വെട്ടിക്കുറവ് വരുത്തുമെന്നാണ് ഹിന്ദുസ്ഥാൻ ഓയിൽ കോർപ്പേറേഷൻ പറഞ്ഞിരിക്കുന്നത്. ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് പ്രാവർത്തികമാകുന്നതോടെ 90 കോടി രൂപയുടെ അധിക വരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകിയതുവഴി ആക്സിഡന്റുകൾ കുറയ്ക്കാൻ കഴിഞ്ഞു. മുൻകടങ്ങൾ തീർക്കാനാണ്

കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും ഉപയോഗിക്കുന്നത് എന്നതിനാൽ കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ചെലവ് ചുരുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ധനക്ഷമതയും ടയർ ലൈഫും വർദ്ധിപ്പിക്കാനും സ്പെയർ പാർട്സുകളുടെ ഉപയോഗം പരമാവധി കുറയ്ക്കാനും കഴിഞ്ഞു. മുടക്കം വരുത്തിയിരുന്ന പി.എഫ്. തുക അതാത് അക്കൗണ്ടിൽതന്നെ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടിക്കറ്റ് പരിശോധന കർശനമാക്കിയതുമൂലം 10 ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞു. 277.41 കോടി രൂപ സാമ്പത്തിക സഹായമായും 32.7 കോടി രൂപ മൂലധന നിക്ഷേപമായും കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ നൽകി. പഴക്കമുള്ള വണ്ടികളുടെ ചേസിസ് മുറിഞ്ഞാണ് സംസ്ഥാനത്ത് പല അപകടങ്ങളും ഉണ്ടാകുന്നതെന്നത് പരിഗണിച്ച് 15 വർഷത്തിലേറെ പഴക്കമുള്ള ഹെവി വെഹിക്കിൾസിന് പെർമിറ്റ് പുതുക്കി നൽകാതിരിക്കണം. മോട്ടാർ വാഹന വകുപ്പിൽ ഈടാക്കി കൊണ്ടിരിക്കുന്ന യൂസേഴ്സ് ഫീ നിർത്തലാക്കണം. ഗ്രാമീണ മേഖലയിൽ സർവ്വീസ് നടത്തുന്ന ആട്ടോറിക്ഷകൾക്ക് മീറ്റർ ഘടിപ്പിക്കണമെന്ന തീരുമാനം പരിശോധിക്കണം. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഭൂസ്വത്തുക്കൾക്ക് പട്ടയം ലഭ്യമാക്കണം. 'എം'പാനൽ ജീവനക്കാരെ മുഴുവൻ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. കൃത്യമായി പെൻഷൻ വിതരണം നടത്താനുള്ള നടപടി സ്വീകരിച്ചു. റൂട്ടുകൾ ദേശസാൽക്കരിക്കുന്ന സന്ദർഭത്തിൽ ആ റൂട്ടുകളിൽ സ്വകാര്യ വാഹനങ്ങളിൽ ജോലി ചെയ്യുന്നവരെ കൂടി കെ.എസ്.ആർ.ടി.സി.യിൽ അബ്സോർബ് ചെയ്യണം. Quality, Reliability,

Safety എന്ന മുദ്രാവാക്യം കെ.എസ്.ആർ.ടി.സി.യിൽ പ്രാവർത്തികമാക്കണം.

<u>ശ്രീ. കെ.അജിത്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യമേഖലയിൽ പുരോഗമനപരമായ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പലിശ രഹിത വായ്പ നൽകി 22,000 അംഗങ്ങളെ സഹായിക്കാൻ സാധിച്ചു. സാമ്പത്തിക മാന്ദ്യത്തിന്റെ തിക്തഫലങ്ങൾ ആദ്യം അനുഭവിക്കുന്നത് പട്ടികജാതി/പട്ടിക വർഗ്ഗക്കാരും മത്സ്യത്തൊഴിലാളികളുമാണ്. ബി.പി.എൽ. വിഭാഗങ്ങൾക്ക് നൽകുന്നതുപോലെ മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കും രണ്ട് രൂപയ്ക്ക് അരി നൽകാനെടുത്ത തീരുമാനം പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത് ശ്ലാഘനീയമാണ്. മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകളിൽ എസ്.എ സി/എസ്.ടി. ജനവിഭാഗങ്ങളോടൊപ്പം പല ആനുകൂല്യങ്ങളും നൽകാൻ സർക്കാരിന് സാധിച്ചു. കേന്ദ്ര ഗവൺമെന്റ് നിലപാടുകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമല്ല. പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് സംരക്ഷണം നൽകുന്നതിനായി വിവിധ ആശ്വാസ പദ്ധതികളും നിയമവും ഉണ്ടാക്കി. സുനാമിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത് ചെയ്യാ നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിച്ചുള്ളതെല്ലാം ത്വരിതഗതിയിലാണ്. എല്ലാ എം.എൽ.എ മാരുടെ മണ്ഡലങ്ങളിലും പുതിയ റൂട്ടുകളും പുതിയ ബസ്സുകളും നൽകി. 2003-ൽ സർവ്വീസിൽ കയറിയ എംപാനൽ ജീവന ക്കാരെ സ്ഥിരപ്പെടുത്താനും ഡ്രൈവർമാരുടേയും കണ്ടക്ടർമാരുടേയും വേതനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഡി.എ

കുടിശ്ശിക നൽകണം. ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തണം. കളക്ഷൻ കുറവുള്ള സർവ്വീസുകൾ നിറുത്തലാക്കുന്നതിനു പകരം ജനകീയ കൂട്ടായ്മയിലൂടെ ലാഭത്തിലാക്കാനും ബസ്സുകൾ പരമാവധി സർവീസ് നടത്താനും നടപടികൾ സ്വീകരിക്കണം. വൈക്കം നിയോജക മണ്ഡല ത്തിലുൾപ്പെട്ട ട്രാൻസ്പോർട്ട് ഡിപ്പോയിലെ ഡീസൽ പമ്പ് പുന:സ്ഥാപിക്കാ നുള്ള നടപടിയുണ്ടാകണം. ബി.ഒ.ടി. അടിസ്ഥാനത്തിൽ ഏറ്റെടുത്ത ഷോപ്പിംഗ് കോംപ്ളക്സുകളുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടു ത്തണം. ചേർത്തലയിൽ നിന്നും വൈക്കം വഴി ചെയിൻ സർവ്വീസ് ആരംഭി ക്കണം. വികസന പ്രവർത്തനങ്ങൾക്ക് രണ്ട് വകുപ്പുകൾക്കും ആവശ്യമായ ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. രാജ്യത്തിന് 1500 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന മൽസ്യ മേഖലയെ സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധനം വന്നപ്പോൾ നിയമം പാസ്സാക്കി മൽസ്യത്തൊഴിലാളികൾക്ക് പരമാവധി പരിരക്ഷ നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. മൽസ്യത്തൊഴിലാളി കടാശ്വാസ നിയമത്തിന്റെ പരിധി വർദ്ധിപ്പിക്കണം. സാമൂഹ്യ സുരക്ഷ പദ്ധതിയിലൂടെ ക്ഷേമ പ്രവർത്തനങ്ങൾ വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. പതിനായിരം പീലിംഗ് തൊഴിലാളികൾക്ക് 2000 രൂപ വീതം പലിശ രഹിത വായ്പ നൽകി. സാധാര

ണക്കാരുടെ ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിച്ചു. സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള കുറവുകൾ പരിഹരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. തീരദേശങ്ങളിൽ താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷനും റേഷൻ കാർഡും ലഭ്യമാക്കണം. കടലോര മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശാസ്ത്രീയ സമീപനം സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ചേറ്റുവ മൽസ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കി അടിയന്തിരമായി ആരംഭിക്കണം. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതി രഹിതമാക്കി. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു. രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുകയും പൗരാവകാശ രേഖ പ്രഖ്യാപിക്കുകയും ചെയ്തു. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം പുന:സംഘടിപ്പിക്കണം. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞു. ആർ.ടി./ജോയിന്റ് ആർ.ടി.. ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്തു. വാഹന ഉടമകൾക്ക് വാഹന നികുതി നേരിട്ട് അടയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കണം. വർക്കേഴ്സ് വെൽഫെയർ ഫണ്ട് അടയ്ക്കുന്നതിൽ ഏകോപനം ഉണ്ടാക്കണം. പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ആട്ടോറിക്ഷാത്തൊഴിലാളികളെക്കൂടി മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. സമഗ്രമായ ഒരു ട്രാൻസ്പോർട്ട് നയം പ്രഖ്യാപിക്കണം. വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവനുസരിച്ച് റോഡുകളുടെ വികസനം ഇന്ന് നടക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കെ.എസ്.ആർ.ടി.സി.-യെ അഴിമതിരഹി

തമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. കിട്ടാക്കടങ്ങൾ എഴുതിത്തള്ളാനും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാനും പുതിയ ബസ്സുകൾ നിരത്തിലിറക്കാനും കഴിഞ്ഞു. അഴിമതിക്കുള്ള പഴുതുകളടച്ചുകൊണ്ട് കെ. എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ തന്നെ ബസ് ബോഡി നിർമ്മാണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാന്റായും വായ്പയായും 93 കോടി രൂപ സർക്കാർ അനുവദിച്ചു. പ്രൊഫഷണൽ മാനേജ്മെന്റിനെ നിയമിച്ചും തൊഴിലാളികളെ വിശ്വാസത്തിലെടുത്തും കെ.എസ്.ആർ.ടി..സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിച്ചു.

<u>ശ്രീ. എൻ. ശക്തൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗതാഗത വകുപ്പ് ഇന്ന് നാഥനില്ലാക്കളരിയായി മാറിയിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും നല്ല എൻജിനീയറിംഗ് കോളേജുകളിൽ ഒന്നായ കെ.എസ്.ആർ.ടി. സി.-യുടെ കീഴിലുള്ള പാപ്പനംകോട് ശ്രീചിത്രതിരുനാൾ എൻജിനീയറിംഗ് കോളേജിന് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം നഷ്ടപ്പെടുന്ന സ്ഥിതിക്ക് പരിഹാരം കാണണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ കിൻകോ ഇന്ന് നഷ്ടത്തിലാണ്. മുൻ യു.ഡി.എഫ്. ഭരണത്തിന്റെ അവസാനഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 136 കോടി രൂപയിൽ നിന്ന് 104 കോടി രൂപയായി കുറച്ചുകൊണ്ടുവന്നെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടം 199 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. മാറിമാറിവരുന്ന എല്ലാ ഗവൺമെന്റുകളും ബസ്സ് വാങ്ങുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡം ഈ ഗവൺമെന്റ് ലംഘിക്കുകയും ലൈലാന്റ് ബസുകൾക്കുപകരം ടാറ്റാ ബസ്സുകൾ വാങ്ങിക്കൂട്ടുകയും

ചെയ്തു. ഗുണനിലവാരം കുറഞ്ഞ എഞ്ചിൻ ഘടിപ്പിച്ച ബസ് വാങ്ങുന്നതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് വൻനഷ്ടമാണുണ്ടായത്. സ്വന്തമായി ബസ് ബോഡി നിർമ്മിക്കുന്നതുവഴി ചെലവ് കുറച്ചു എന്ന് പറയുന്നുണ്ടെങ്കിലും, ബസിന്റെ നീളം മുമ്പത്തേതിനേക്കാൾ മൂന്ന് അടി കുറവാണെന്നു മാത്രമല്ല, വില കുറഞ്ഞ റെക്സിനും റൂഫ് സ്റ്റിക്കുമാണ് ഇപ്പോൾ ഉപയോഗിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക ഇപ്പോൾ 50 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച് പ്രധാനമായി ഉയർന്നുവന്നിട്ടുള്ള വിമർശനം സുനാമി പുനരധിവാസ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ചാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും സുനാമി പുനരധിവാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച 1441 കോടി രൂപയിൽ 808 കോടി രൂപ പുനരധിവാസ പദ്ധതികൾക്കായി ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിൽ കുറ്റകരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് സെൻട്രൽ പ്ലാനിംഗ് കമ്മീഷനോ കേന്ദ്ര മന്ത്രാലയമോ പറഞ്ഞിട്ടില്ല. സംസ്ഥാനത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് സെക്രട്ടറിമാരും പങ്കെടുത്ത യോഗത്തിലും, കൊച്ചിയിൽ വച്ച് നടത്തിയ സുനാമി പുനരധിവാസ റിവ്യൂ മീറ്റിംഗിലും പറഞ്ഞത് സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ പാലിച്ചതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണെന്നാണ്. എന്നാൽ ചില പ്രോജക്ടുകളുമായി ബന്ധപ്പെട്ട ടെൻഡർ നടപടിക്രമങ്ങളിലും ഭവനനിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ അക്വിസിഷൻ നടപടികളിലും കാലതാമസം വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ ഈ

സർക്കാർ ചെയ്ത കാര്യങ്ങളെ വിമർശനത്തിന്റെ പേരിൽ കുറച്ചുകാണരുത്. സുനാമി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 2010 മാർച്ച് വരെ കേന്ദ്ര ഗവൺമെന്റ് സമയം അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട തുക വകമാറ്റി ചെലവഴിക്കുകയോ പാഴാക്കുകയോ ചെയ്തിട്ടില്ല. കടാശ്വാസ കമ്മീഷന് ലഭിച്ച ഒരു ലക്ഷത്തിൽപ്പരം അപേക്ഷകളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. കടാശ്വാസ പരിധിയിൽ വരുന്ന തൊഴിലാളികളുടെ ജപ്തി നടപടികളിൽ ആറ് മാസത്തേക്കുകൂടി മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുള്ളിൽ ഇതുസംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. സെവൻ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരദേശ വികസനത്തെക്കുറിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. സുനാമി ഫണ്ട് കൂടാതെ വിവിധ ഫൈനാൻസിംഗ് ഏജൻസികൾ വഴിയും ഫണ്ട് കണ്ടെത്തി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ഉൽപ്പാദന മേഖലയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പശ്ചാത്തല വികസനത്തിനു വേണ്ട പ്ളാൻ തയ്യാറാക്കാൻ എൻ.ഐ.ആർ. ഡി.ബി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് മുതൽ പാറശ്ശാല വരെ യുള്ള കടലോര പ്രദേശത്ത് ഫിഷിംഗ് ഹാർബറുകൾ ആരംഭിക്കുന്നതിന് വേണ്ട ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് മദ്രാസ് ഐ.ഐ.ടി.യേയും പൂനയിലുള്ള കേന്ദ്ര സർക്കാരിന്റെ സ്റ്റഡി ഏജൻസിയെയും ചുമതലപ്പെടു ത്തിയിട്ടുണ്ട്. സെക്ടറൽ അലോക്കേഷൻ എന്ന നിലയിൽ നബാർഡിൽ നിന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് ഈ വർഷം 88 കോടി രൂപ കിട്ടിയി രുന്നു. കൂടാതെ 12 ഹാർബറുകൾക്കായി സ്പെഷ്യൽ ലോണായി 400

കോടി രൂപ നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്. കടൽഭിത്തി നിർമ്മാണത്തിനും നബാർഡിന്റെ അസിസ്റ്റൻസ് ലഭിക്കുന്നുണ്ട്. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ 25 ശതമാനമായി ചുരുക്കിയിട്ടുണ്ട്. ഹഡ്കോയിൽ നിന്ന് ഭവന നിർമ്മാണ വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കടാ ശ്വാസ നടപടികളുടെ അവാർഡിന്റെ ഭാഗമായി വരുന്ന രണ്ടുമാസത്തിനു ള്ളിൽ വായ്പാ കുടിശ്ശിക എഴുതിത്തള്ളി അവരുടെ ആധാരം തിരിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രൈമറി മത്സ്യ സഹകരണ സംഘങ്ങൾ അടയ്ക്കാനുള്ള തുക ഗവൺമെന്റ് ഷെയറായി കൺവെർട്ട് ചെയ്ത് കൊടുക്കുന്നതുകൊണ്ട് 100 കോടിയിലധികം രൂപയുടെ കടാശ്വാസ ആനുകൂല്യം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകും. 18.80 കോടി രൂപ ചെലവിൽ സമഗ്ര കടൽ സുരക്ഷ പദ്ധതി നടപ്പിലാക്കും. 8,000-ത്തോളം വരുന്ന പരമ്പരാഗത യാനങ്ങളിൽ കടൽ സുരക്ഷ കിറ്റുകൾ ഈ സാമ്പത്തിക വർഷം വിതരണം ചെയ്യാൻ ഉദ്ദേശിക്കുകയാണ്. അതിന് വേണ്ട സേഫ്റ്റി ബീക്കൺ അസംബിൾ ചെയ്യുന്നതിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സാധ്യതകൾ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പ്രയോജനപ്പെടുത്തുന്നത് ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായിട്ടാണ്. ഏകീകൃത ഉൾനാടൻ മത്സ്യ വികസന ബില്ലും സമഗ്ര ജല പരിഷ്ക്കരണ ബില്ലും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി മത്സ്യ സംസ്ക്കരണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. അലങ്കാര മത്സ്യങ്ങളുടെ

വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനവും കയറ്റുമതിയും ലക്ഷ്യമാക്കി ക്കൊണ്ടുള്ള ഇൻഡ്യയിലെ ആദ്യത്തെ അക്വാ പാർക്ക് സെപ്റ്റംബറിൽ കമ്മീഷൻ ചെയ്യും. ജില്ലാ തലത്തിൽ സാറ്റലൈറ്റ് ഫാമുകൾ കേന്ദ്രീകരിച്ചും കുടുംബശ്രീ മാതൃകയിൽ സ്ത്രീകളുടെ സ്വാശ്രയ ഗ്രൂപ്പുകൾ വഴിയും ഹോംസ്റ്റെഡ് ഫാമുകൾ ആരംഭിക്കും. ഇതിലൂടെ 10,000 സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതാണ്. 3,000 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുന്ന മത്സ്യകേരള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ സംസ്ഥാനതല ഉൽഘാടനം 20.7.2009-ന് ആലപ്പുഴയിൽ വച്ച് നടത്തുന്നതാണ്. ആധുനിക ശാസ്ത്രത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ച് ഫിഷറീസ് സെക്ടറിൽ പഠനം നടത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി മറൈൻ ബയോളജിക്കൽ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അതിനോടനുബന്ധമായി ഓഷിയനേറിംഗും നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ കൊച്ചിയിൽ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എർത്ത് സയൻസസ് മന്ത്രാലയവുമായി ചർച്ച നടത്തിയിട്ടുണ്ട്. അതിനുവേണ്ടി 10 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 21,40,00,000 രൂപ മുതൽമുടക്കി എല്ലാ ഹാച്ചറികളും ഫാമുകളും നവീകരിക്കുന്നതിലൂടെ ചെമ്മീൻ വിത്തുൽപ്പാദന മേഖല 2009-2010 സാമ്പത്തിക വർഷം കഴിയുന്നതോടെ സ്വയംപര്യാപ്തതയിലെത്തും. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ ടെന്റർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ചേറ്റുവ, ചെറുവത്തൂർ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണപ്രവർത്തനം 2009-2010 സാമ്പത്തിക വർഷം ആരംഭിക്കാൻ നടപടി സ്വീകരിക്കും. തീരദേശ വികസന കോർപ്പറേഷൻ വഴി മഞ്ചേശ്വരം, വെള്ളയിൽ, താനൂർ,

പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും. ചെത്തി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിക്കും. ചെല്ലാനം, അർത്തുങ്കൽ രണ്ടാംഘട്ട പദ്ധതി ആരംഭിക്കും. പെരുമാതുറ, താഴമ്പള്ളി ഭാഗങ്ങളെ ബന്ധിപ്പിച്ച് കോവളം മുതൽ കൊല്ലം വരെ ഒറ്റ റോഡാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് മുറിച്ച് കടക്കുന്നതിന് പാലം നിർമ്മിക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. പത്തിരുപത് വർഷമായി താമസിച്ചുവരുന്ന തീരദേശവാസികൾക്ക് പഞ്ചായത്തിന്റെ സർട്ടിഫിക്കറ്റുണ്ടെങ്കിൽ റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവ നൽകാൻ ബന്ധപ്പെട്ട വകുപ്പുകളു മായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> സംസ്ഥാന സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.യിൽ ആയിരം പുതിയ ബസ്സുകൾ വാങ്ങുകയും ബസ്സുകളുടെ ബോഡി ബിൽഡിംഗ് കെ.എസ്.ആർ.ടി.സി. യുടെ വർക്ക്ഷോപ്പുകളിൽ തന്നെ നടത്തിവരികയുമാണ്. കെ.എസ്.ആർ.ടി. സി.-യിൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി. ക്ഷാമബത്ത കുടിശ്ശികയുടെ മൂന്ന് ഗഡുക്കൾ അടുത്ത മാസത്തെ ശമ്പളത്തോടൊപ്പം നൽകാൻ തീരുമാ നിച്ചിട്ടുണ്ട്. അവശേഷിക്കുന്നതും കൊടുത്തു തീർക്കും. 5,000-ത്തോളം തൊഴിലാളികളെ പുതിയതായി നിയമിക്കാൻ പോവുകയാണ്. പതിനേഴോളം പുതിയ ബോട്ടുകൾക്ക് ഓർഡർ കൊടുത്ത് വാട്ടർ ട്രാൻസ്പോർട്ട് രംഗത്ത് മാറ്റങ്ങളുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വെള്ളത്തിനടിയിൽ കിടന്നിരുന്ന 25 ബോട്ടുകൾ കരയ്ക്കെടുത്ത് അവ പ്രവർത്തനക്ഷമമാക്കു

ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അവശേഷിക്കുന്നവയും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും. കെ.എസ്.ആർ.ടി.സി-യുടെ കടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു പാക്കേജിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കുറഞ്ഞ ചെലവിൽ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിനായി കുട്ടനാട്ടിലും കൊല്ലത്തും ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്. വാട്ടർ ട്രാൻസ്പോർട്ടിന്റെ പ്രവർത്തനം വികസിപ്പിക്കാനും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട്കൊണ്ടുപോകാനും ശ്രമിക്കുന്നതാണ്. കേസ്സുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ എം.എ.സി.ടി.-കൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. വാഹനപ്പെരുപ്പംമൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും

അനുവദിക്കണമെന്ന പ്രമേയം 25-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.52-ന് പിരിഞ്ഞു.

.......................